# അംബിക

163

ശ്രീ അരവിന്ദൻ

# അംബിക

ഇംഗ്ലീഷിൽ എഴുതിയ 'ദി മദർ'
എന്ന ഗ്രന്ഥത്തിൻെറ പരിഭാഷ

## ശ്രീ അരവിന്ദൻ

പരിഭാഷ:
**കെ. കൃഷ്ണൻനമ്പ്യാർ, ബി. എ., ബി. എൽ.**

പ്രസാധകർ:
മാതൃഭൂമി പ്രിൻടിംഗ് ആൻറ് പബ്ലിഷിംഗ്
കമ്പനി, ലിമിററഡ്, കോഴിക്കോട്.

1960 വില 75ന.പ.

ഒന്നാം പതിപ്പ് 1940
രണ്ടാം പതിപ്പ് 1960

*All rights reserved*

*Author: Arabinda Ghosh*

*Translator: K. Krishnan Nambiar B. A., B. L.*

*Printed by Kurur Neelakandhan Nambudiripad*
*at the Mathrubhumi Press, Kozhikode-1*

*Publishers:*
*The Mathrubhumi Printing & Publishing*
*Co., Ltd., Calicut-1.*

*June 1960*

# ആമുഖം

ശ്രീഅരവിന്ദൻ, 1872 ആഗസ്റ്റ് 15—ാംനു- കൽക്കത്തയിലാണ് ജനിച്ചതെങ്കിലും, ഇരു പത്തൊന്നുവയസ്സുവരെ അദ്ദേഹം ഇംഗ്ലണ്ടിൽ താമസിച്ച് വിദ്യാഭ്യാസം ചെയ്യുകയാണുണ്ടാ യത്. ആദ്യം ലണ്ടനിലെ സെൻറ് പോാം സ്സ്കൂളിലും, പിന്നീട്, കെയ്മ്പ്രിജ്ജിലെ കിങ്സ് കോളേജിലുമാണ് അദ്ദേഹം പഠി ച്ചത്. 1890—ൽ ഐ. സി. എസ്സ്. തിര ഞ്ഞെടുപ്പുപരീക്ഷയിൽ ജയിക്കുകയും, രണ്ടുകൊ ല്ലത്തെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു വെങ്കിലും, ഒടുക്കം, കുതിരസ്സവാരിപരീക്ഷയ്ക്കു് ഹാജരാകുവാൻ കൂട്ടാക്കാഞ്ഞതിനാൽ, അദ്ദേ ഹത്തെ സർവീസിൽ എടുത്തില്ല. 1893—ൽ, അന്നത്തെ ഗൈക്ക്വാർ ബറോഡസർവീ സിൽ അദ്ദേഹത്തെ ഒരുദ്യോഗസ്ഥനായി നി യമിക്കുകയും, അതോടുകൂടി അദ്ദേഹം ഇന്ത്യ യിലേയ്ക്കു തിരിക്കുകയും ചെയ്തു.

ഇംഗ്ലണ്ടിൽത്താമസിച്ചിരുന്നകാലത്ത് യൂ

റോപ്യൻ സാഹിത്യങ്ങളിലും, സംസ്കാരത്തിലും ശ്രീ അരവിന്ദൻ അഗാധമായ വിജ്ഞാനം സമ്പാദിച്ചു. ആംഗലഭാഷ അദ്ദേഹത്തിന്ന് മാതൃഭാഷപോലെ വശഗയായിരുന്നു എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. അതിന്നു പുറമെ, ഗ്രീക്, ലത്തീൻ എന്നീ പൌരാണികഭാഷാസാഹിത്യങ്ങളിൽ വിപുലമായ പരിചയവും, ഫ്രഞ്ചു സാഹിത്യത്തിൽ അപാരവൈദഗ്ഷ്യവും, ജർമ്മൻഭാഷയിലും ഇററാലിയൻഭാഷയിലും എഴുതപ്പെട്ട ഉത്തമസാഹിത്യഗ്രന്ഥങ്ങൾ അന്യാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കുവാൻ മാത്രം അവയിൽ അറിവും അദ്ദേഹം സമ്പാദിച്ചിരുന്നു. പക്ഷെ, അദ്ദേഹം ബറോഡയിൽ കഴിച്ച പതിമ്മൂന്നു സംവത്സരക്കാലത്താണ് തൻെറ ഭാവികർമ്മത്തിൻെറ അടിസ്ഥാനമുറപ്പിച്ചത്: അക്കാലത്താണ് അദ്ദേഹം സംസ്കൃതത്തിലെ വിശോത്തരഗ്രന്ഥങ്ങളുമായി അടുത്തിടപെട്ടത്. കാവ്യനാടകാലങ്കാരങ്ങളുടെ സീമയെ അതിലംഘിച്ച് ആ കുശാഗ്രബുദ്ധി ശ്രുത്യുപനിഷദാദ്ധ്യാദികളുടെ അടിത്തട്ടുവരെ ചുഴിഞ്ഞെത്തി. മാതൃഭാഷയ്ക്കു പുറമേയുള്ള ഏതാനും ഇന്ത്യൻഭാഷകളും അതിന്നിടയിൽ അദ്ദേഹം പഠിച്ചു.

ഈ സംവത്സരങ്ങളിലൂടെ അദ്ദേഹം നിഷ്ഠ ഷ്ഠമായ ആത്മസംയമനം ശീലിച്ചുവന്നിരുന്നു; ഇത് 1905 മുതൽ യോഗാഭ്യാസമായി പരിണമിച്ചു. സാഹിത്യപരമായും, രാഷ്ട്രീയമായുമുള്ള ശ്രീ അരവിന്ദൻെറ സ്തുത്യർഹങ്ങളും സ്തുത്യർഹങ്ങളുമായ വ്യവസായങ്ങളുടെ കാലവും അതുതന്നെ. പക്ഷെ ഈ കാലഘട്ടത്തെക്കുറിച്ചുള്ള ഏററവും പ്രധാനമായ വസ്തുത അദ്ദേഹത്തിൻെറ മനോവൃത്തിയുടെ ഈശ്വരോന്മുഖമായ തിരിച്ചലും, ഹൈന്ദവധമ്മതത്ത്വത്തെ സാക്ഷാൽകരിയ്ക്കുവാനുള്ള തീവ്രപരിശ്രമവുമായിരുന്നു. പിന്നീട് ശ്രീ അരവിന്ദൻ ഇങ്ങിനെ പറയുകയുണ്ടായിട്ടുണ്ട്: ''ഞാൻ ഒന്നാമതായി അവനെസ്സമീപിച്ചത് കേവലം ഒരു ഭക്തൻെറ മനഃസ്ഥിതിയോടുകൂടിയായിരുന്നില്ല, കേവലം ഒരു ജ്ഞാനിയുടെ മനഃസ്ഥിതിയോടുകൂടിയുമായിരുന്നില്ല. വളരെ മുമ്പ്, ബറോഡയിൽവെച്ചാണ് ഞാൻ അവനെ പ്രാപിച്ചത്........അന്ന് ഞാനവനെസ്സമീപിച്ചപ്പോഠം അവനിൽ എനിക്ക് സജീവമായ ഒരു വിശ്വാസമുണ്ടായിരുന്നു എന്നുതന്നെ പറഞ്ഞുകൂട. സംശയാത്മാവ് എന്നിലുണ്ടായിരുന്നു; നാസ്തികൻ എന്നിലുണ്ടായിരുന്നു; അവിശ്വാ

സി എന്നിലുണ്ടായിരുന്നു; ഒരീശ്വരനുണ്ടെന്ന കേവലമായ ഒരുറപ്പുകൂടി എനിയ്ക്കുണ്ടായിരുന്നില്ല; അവൻെറ സാന്നിധ്യം എനിയ്ക്കനുഭവപ്പെട്ടില്ല. എന്നാലും, എന്തോ ഒന്ന് വേദങ്ങളിലേയും, ഗീതയിലേയും, ഹൈന്ദവധർമ്മത്തിലേയും സത്യത്തിലേയ്ക്ക് എന്നെ ഹഠാദാകർഷിച്ചു. എനിയ്ക്കു തോന്നി, യോഗശാസ്ത്രത്തിലെവിടേയോ, വേദാന്തത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ ധർമ്മത്തിലെവിടേയോ, മഹത്തായ ഒരു സത്യം ഉണ്ടായിരിയ്ക്കണമെന്ന്.'' പക്ഷെ, പിന്നേയും കാലം കുറേ കഴിഞ്ഞതിന്നശേഷമാണ് യഥാർത്ഥസാക്ഷാൽകാരം അദ്ദേഹത്തിന്നു സിദ്ധിച്ചത്.

1906—ൽ, ബങ്കാളസംസ്ഥാനവിഭജനം ശ്രീ അരവിന്ദനെ രാഷ്ട്രീയപ്രവർത്തകന്മാരുടെ മുന്നണിയിലെത്തിച്ചു. അതുവരെ മിതവാദികളുടെ നേതൃത്വത്തിലായിരുന്ന കോൺഗ്രസ്സിൻെറ പുരോഗമനോത്സുകമായ വിഭാഗത്തെ, പുതുതായി രൂപവൽക്കരിയ്ക്കപ്പെട്ട രാഷ്ട്രീയൈക്യകക്ഷിയുടെ നായകനെന്ന നിലയിൽ, അദ്ദേഹം പുനസ്സംഘടിപ്പിയ്ക്കുകയും, സംഗൃഹീതവും, സുനിശ്ചിതവും, സമരസമർത്ഥവുമായ ഒരു രാഷ്ട്രീയപ്രവർത്തനപരിപാടിയെ അവക്ക്

പ്രദാനം ചെയ്യുകയുംചെയ്തു. 'വന്ദേമാതരം', 'കർമ്മയോഗി' മുതലായ പത്രഗ്രന്ഥങ്ങളിലൂടെ അദ്ദേഹം ഇന്ത്യയുടെ രാഷ്ട്രീയചിന്തയ്ക്കു് പുതിയ ഒരു പദ്ധതിയും പ്രചോദനവും നല്കുകമാത്രമല്ലാ, ഭാരതത്തിൻെറ ധാർമ്മികവും സാംസ്കാരികവുമായ പുനരുത്ഥാനത്തെ ഗണ്യമായവിധത്തിൽ സഹായിയ്ക്കുകകൂടിച്ചെയ്തു. എന്നാൽ, അദ്ദേഹത്തിൻെറ രാഷ്ട്രീയപ്രവർത്തനം ഗവർമ്മേണ്ടുമായി അദ്ദേഹത്തെ ഏറ്റുമുട്ടിച്ചു; പക്ഷെ, ഒന്നിലധികം പ്രാവശ്യം—രാജദ്രോഹത്തിന്നു് 1907–ലും, ആലിപ്പൂർ ബോമ്പ്കെയ്സിൽ, നിയമവിരുദ്ധമായ ഗൂഢാലോചനയ്ക്കു് 1908–ലും, 'കർമ്മയോഗി'യിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തെ ആസ്പദിച്ചു് 1910–ലും—അദ്ദേഹത്തിൻെറ പേരിൽ കുററം ചുമത്തപ്പെട്ടുവെങ്കിലും, ഓരോ തവണയും പ്രോസിക്യൂഷൻ പരാജയപ്പെടുകയാണുണ്ടായതു്. 1908 മെയ് മാസംമുതൽ 1909 മെയ്മാസംവരെ ആലിപ്പൂർ ജയിലിൽ, വിചാരണ കാത്തു താമസിക്കുന്ന ഒരു തടവുകാരൻെറ നിലയിൽ, അദ്ദേഹം കഴിച്ചുകൂട്ടിയ കാലഘട്ടം ശ്രീ അരവിന്ദൻെറ ജീവിതത്തിൽ അതിപ്രധാനമായ ഒന്നായിരുന്നു എന്നു പറയാം. അക്കാലത്തെ ആധ്യാത്മികാ

നുഭൂതികളെപ്പററി—തൻെറ അറസ്റ്റിന്ന് ഏകദേശം ഒരു മാസംമുമ്പ്, സർവകർമ്മങ്ങളേയും സംന്യസിച്ച്, ഈശ്വരസാക്ഷാൽകാരത്തിന്നു വേണ്ടി, ഏകാന്തവാസം വരിക്കുവാനായി അദ്ദേഹത്തിന്ന് ഒരാഹ്വാനം കിട്ടിയതെങ്ങിനെയെന്നും; തൻെറ കർമ്മം തനിക്ക് ഏററവും പ്രിയപ്പെട്ടതായിരുന്നതിനാൽ ഈ ആഹ്വാനത്തെ അനുസരിച്ച് അതിനെ സംന്യസിക്കുവാൻ അദ്ദേഹം അശക്തനായിത്തീൎന്നതെങ്ങിനെയെന്നും; ഒടുക്കം, തനിക്കു പൊട്ടിക്കുവാൻ ശക്തിയില്ലാതിരുന്ന കെട്ടുകറം, അദ്ദേഹത്തിന്നുവേണ്ടി എങ്ങിനെ പൊട്ടിക്കപ്പെട്ടുവെന്നും; തൻെറ തടവുമുറിയുടെ ഏകാന്തതയിൽ ഈശ്വരൻ അദ്ദേഹത്തിൻെറ കൈയിൽ ഗീത വെച്ചുകൊടുത്തതെങ്ങിനെയെന്നും; പരമാത്മചൈതന്യം തന്നിൽ പ്രവേശിച്ചതിൻെറ ഫലമായി ഗീതയെ അനുസരിച്ചുകൊണ്ടുള്ള സാധന ചെയ്യാൻ അദ്ദേഹം എങ്ങിനെ ശക്തനായെന്നും; ദിനംപ്രതി പുരുഷോത്തമൻ തൻെറ മഹാത്ഭുതങ്ങറം അദ്ദേഹത്തിന്ന് വെളിവാക്കി, ഹൈന്ദവധർമ്മത്തിൻെറ കലൎപ്പില്ലാത്ത സത്യത്തേയും, 'വാസുദേവഃ സർവം' എന്ന അതിൻെറ ആന്തരതത്ത്വത്തേയും സാക്ഷാൽകരിക്കുവാൻ

അദ്ദേഹത്തെ എങ്ങിനെ സഹായിച്ച എന്നും മററുമുള്ള സംഗതികളെപ്പററി—ശ്രീ അരവിന്ദൻതന്നെ നമ്മളോട പറഞ്ഞിട്ടുണ്ട്. യോഗസാധനയിൽ മുഴകിയിരുന്ന സന്ദർഭങ്ങളിൽ തൻെറ ഭാവിയിലെ കമ്മത്തെപ്പററിയും, തൻെറ ജന്മോദ്ദേശ്യത്തെ നിറവേററുവാനുള്ള മാർഗത്തെപ്പററിയും അദ്ദേഹത്തിന്ന് സുവിശദമായ ആജ്ഞകരം കിട്ടിയിരുന്നു. രാഷ്ട്രത്തെക്കൊണ്ട് സനാതനധമ്മ*ത്തിൻെറ സത്യങ്ങ

---

* 'സനാതനധമ്മ'മെന്നുള്ള പദം, ഇന്നു ചിലർ സ്വീകരിച്ചുവരുന്ന അതിൻെറ ഏററവും സങ്കുചിതമായ അത്ഥത്തിലല്ലാ ഇവിടെ പ്രയോഗിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. ശ്രീ അരവിന്ദൻ ഒരിടത്ത് ഇങ്ങിനെ പറയുന്നു: "സനാതനം, ശാശ്വതം, എന്നു നമ്മരം പറയുന്ന ഈ ധമ്മം ഏതാണ്? അത് ഹിന്ദുധമ്മമാണ്; കാരണം: ഹൈന്ദവസമുദായം മാത്രമേ അതിനെ പരിപാലിച്ചിട്ടുള്ളു; ഈഭൂവിഭാഗത്തിൽ, ഹിമവാൻേറയും സേതുവിൻേറയും ഇടയിലുള്ള ഏകാന്തതയിലാണ് അതു വളൻവന്നത്; യുഗങ്ങളിലൂടെ പാലിയ്ക്കപ്പെടുവാനായി, പുരാതനവും പുണ്യവുമായ ഈ ഭൂമിയിൽ, ആര്യവർഗക്കാക്ക് ഒരു ബാധ്യതപോലെ നൽകപ്പെട്ടതാണത്. പക്ഷെ അതിനെ ഒരൊററ രാജ്യത്തിൻെറ പരിധികരം വേലികെട്ടിക്കടുക്കീട്ടില്ല; പ്രത്യേകമായോ, എന്നെന്നേയ്ക്കുമായോ അതു പരിമിതമായ ഒരു ഭൂവിഭാ

ളെ സാക്ഷാൽകരിപ്പിച്ച്, ആ വഴിയായി അതിൻെറ ഉദ്ഗതിയെ സഹായിയ്ക്കുക എന്നതായിരുന്നു അദ്ദേഹത്തിന്നു വിധിയ്ക്കപ്പെട്ട കർമ്മം.

പക്ഷെ, അദ്ദേഹം തടവിൽനിന്ന് പുറത്തുവന്നതോടുകൂടി, തൻെറ ഭാവികർമ്മം രാഷ്ട്രീയരംഗത്തിലല്ല വേണ്ടതെന്നും, അതു, കുറച്ചുകൂടി ഏകാഗ്രശ്രദ്ധയെ ആവശ്യപ്പെടുന്ന കൂടുതൽ വിപുലമായ ഒരു രംഗത്തിലായിരിയ്ക്കുണമെന്നും, രാഷ്ട്രീയപ്രസ്ഥാനത്തിൻെറ വാസ്തവികസ്ഥിതി അദ്ദേഹത്തെ ബോധ്യപ്പെടുത്തി. 1910 ഫിബ്രുവരിമാസത്തിൽ അദ്ദേഹം ഗൂഢമായി ചന്ദ്രനഗോറിലേയ്ക്കു പോവുകയും, അവിടെനിന്നു കപ്പൽ കയറി, 1910 ഏപ്രിൽ 4—ാംനു- ഫ്രഞ്ചുശീമയായ പുതുശ്ശേരിയിലെത്തിച്ചേരുകയും ചെയ്തു. അതോടുകൂടി എല്ലാ രാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്നും അദ്ദേഹം വിരമിച്ചു. ഒന്നിലധികം പ്രാവശ്യം കോൺഗ്ര

---

ഗത്തിന്നു മാത്രം അവകാശപ്പെട്ടതുമല്ല. നമ്മുടെ ഹൈന്ദവധർമ്മമെന്നു പറയുന്നത് യഥാർത്ഥമായ സനാതനധർമ്മമാകുന്നു; എന്തെന്നാൽ, മററെല്ലാ ധർമ്മങ്ങളേയും ഉൾക്കൊണ്ട സാർവലൌകികധർമ്മമാണത്.''

സ്റ്റിന്റെ അധ്യക്ഷസ്ഥാനം അദ്ദേഹം സ്വീകരിച്ചിരുന്നിട്ടുണ്ട്. അന്നുമുതലിന്നേവരെ ശ്രീ അരവിന്ദൻ ആധ്യാത്മികകർമ്മത്തിന്നും യോഗസാധനയ്ക്കും തന്നെത്താൻ ഉഴിഞ്ഞുവെയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.

ആദ്യകാലത്ത് ശ്രീ അരവിന്ദന്റെക്കൂടെ നാലോ അഞ്ചോ ശിഷ്യന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷെ, ഏറെത്താമസിയാതെ, അദ്ദേഹം നിശ്ചയിച്ച് രൂപപ്പെടുത്തിയ ആധ്യാത്മികപദ്ധതിയെ അനുസരിയ്ക്കുവാനാഗ്രഹിയ്ക്കുന്നവരുടെ സംഖ്യ കൂടിത്തുടങ്ങി. അങ്ങിനെയാണ് പുതുശ്ശേരിയിലെ ആശ്രമത്തിന്റെ ഉദ്ഭവം. 1914—ൽ, നാലുകൊല്ലത്തെ തീവ്രപരിശ്രമവും, മൌനയോഗവും കഴിഞ്ഞതിന്നുശേഷം, അദ്ദേഹം പലതരത്തിലും അതുല്യവും, ഉന്നതമായ തത്ത്വവിചാരങ്ങളും, ഗഹനവും സപ്രയാസവുമായ ചിന്തകളും മാത്രം അടങ്ങിയതുമായ 'ആര്യ' എന്ന മാസിക പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. പ്രാപഞ്ചികപ്രവർത്തനത്തിന്റെ താത്ത്വികങ്ങളായ അടിസ്ഥാനങ്ങളെപ്പററി നമുക്ക് ലഭിച്ചിട്ടുള്ള ഏററവും അഗാധങ്ങളായ ചർച്ചകളും, യോഗത്തെസ്സംബന്ധിച്ചുള്ള മാനസികയമനിയമാദികളുമായിരുന്ന

'ആര്യ'യിലെ പ്രധാനപ്രതിപാദ്യവിഷയങ്ങൾ. ശ്രീ അരവിന്ദൻെറ പ്രധാനഗ്രന്ഥങ്ങളിൽ ഏതാണ്ടെല്ലാം തന്നെ—'ദിവ്യജീവിതം', 'യോഗസങ്ഗ്രഥനം', 'ശ്രുതിരഹസ്യം', 'ഈശോപനിഷത്ത്', 'കേനോപനിഷത്ത്', 'ഗീതോപന്യാസങ്ങൾ', ഇവയൊക്കെയും—'ആര്യ'യിൽ ആദ്യമായി ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയവയാണ്. ഈ പത്രഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം 1921—ലാണ് നിർത്തിയത്.

''ശ്രീ അരവിന്ദൻ 1905—ലാണ് യോഗാഭ്യാസം ആരംഭിച്ചത്. ആദ്യം, ഇന്ത്യയിൽ ഇതുവരെ അനുവർത്തിയ്ക്കപ്പെട്ടുപോന്ന ദിവ്യസായൂജ്യത്തിൻേറയും ആത്മസാക്ഷാൽകാരത്തിൻേറയും പദ്ധതികളിലൂടെ സമ്പാദിയ്ക്കാവുന്ന ആദ്ധ്യാത്മികാനുഭൂതിയുടെ സാരാംശങ്ങളെ തൻെറ അഭ്യാസയോഗത്തിൽ അദ്ദേഹം ഇണക്കിച്ചേർക്കുകയും, പിന്നീട്, അവിടെനിന്നും കടന്ന് സത്തയുടെ ഇരുവിഭാഗങ്ങളായ പുരുഷനേയും പ്രകൃതിയേയും പരസ്പരം യോജിപ്പിച്ചും ലയിപ്പിച്ചുംകൊണ്ടുള്ള, കുറച്ചുകൂടി പരിപൂർണ്ണമായ അനുഭവത്തെ ആരായുകയും ചെയ്യുകയാണുണ്ടായത്. യോഗമുറകളിൽ മിക്കവയും പരത്തിലൂടെ പരമാത്മാവിനെ പ്രാപിയ്ക്കു

വാനുള്ള വഴികളാണ്; അവ ജീവിതത്തിൽ നിന്ന് അകന്നകന്നു പോകുന്നവയുമാണ്; എന്നാൽ ശ്രീ അരവിന്ദൻെറ പദ്ധതിയാകട്ടെ, പരമാത്മചൈതന്യത്തിലേയ്ക്കുയന്ന്, അവിടെ നിന്നുള്ള ഉപലബ്ധികളോടുകൂടി വീണ്ടും കീഴ്പ്പോട്ടിറങ്ങി, ആ ചൈതന്യത്തേയും, ആനന്ദത്തേയും ജീവിതത്തിലേയ്ക്ക് സംക്രമിപ്പിച്ച്, അതിനെ രൂപാന്തരപ്പെടുത്തുന്നു. ഭൌതികപ്രപഞ്ചത്തിലുള്ള മനുഷ്യൻെറ ജീവിതം, ഈ സിദ്ധാന്തമോ ദർശനമോ പ്രകാരം, അപ്രബുദ്ധതയെ അടിസ്ഥാനമാക്കിനിൽക്കുന്ന അവിദ്യയിൽ മുഴുകിയതത്രേ; പക്ഷെ, ആ തമസ്സിലും അജ്ഞാനത്തിലുംകൂടി ദിവ്യതയുടെ സാന്നിധ്യവും സാധ്യതകളും ഒളിച്ചുകിടക്കുന്നു. അതിന്നനുസരിച്ച്, ഈ സംസൃതി, സ്വർഗത്തിലേയ്ക്കോ നിർവാണത്തിലേയ്ക്കോ തിരിച്ചെത്തുന്ന ആത്മാവിനാൽ സംത്യജിയ്ക്കപ്പെടേണ്ടുന്ന ഒരു പ്രമാദമോ, മിഥ്യാടോപമോ, മായികഭ്രമമോ അല്ല; നേരേമറിച്ച്, അത് ആത്മീയോൽകഷ്ത്തിന്നുള്ള ഒരു വേദിയും സോപാനവുമാണ്; അതുവഴിയായിട്ടാണ്, ഭൌതികമായ അപ്രബുദ്ധതയിൽനിന്ന് ദിവ്യാവബോധം, ഉൽകഷ് ക്രമേണ, വെളിപ്പെടേണ്ടത്. ഈ ആരോഹ

ണത്തിൽ സാധാരണന്നു പ്രാപ്തമായ ഏററവും ഉയൎന്ന പടവു മനസ്സാണ്; പക്ഷെ അതിലും മീതെ പ്രാപ്യങ്ങളായ പടവുകളുണ്ട്. വൈജ്ഞാനികചേതന, അഥവാ, ശാശ്വതസത്യബോധം, അതിന്നുപരിയായി നിൽക്കുന്നതും, സ്വഭാവേന, ദിവ്യജ്ഞാനത്തിൻെറ ആത്മബോധത്തോടും, ആത്മകല്പനാവൈഭവത്തോടും കൂടിയ പ്രാപ്തിയും പ്രാകാശ്യവും ഉൾക്കൊണ്ടതുമാകുന്നു.

മനസ്സ് സത്യാന്വേഷകമായ അജ്ഞാനം മാത്രമാകുന്നു; പക്ഷെ വൈജ്ഞാനികചേതനയാകട്ടേ, ആത്മരൂപങ്ങളേയും, ആത്മശക്തികളേയും സുസ്വരതയോടുകൂടി മേളിപ്പിച്ച് വെളിപ്പെടുത്തുന്നതും, സ്വയംപ്രഭവിയ്ക്കുന്നതുമായ വിജ്ഞാനംതന്നേയാകുന്നു. വൈജ്ഞാനികചേതനയുടെ അവതരണത്തോടുകൂടി മാത്രമേ, അത്യുൽകൃഷ്ടമായ മനുഷ്യത്വം സ്വപ്നദൎശനംചെയ്യുന്ന പരിപൂൎണ്ണത സംപ്രാപ്തമാവുകയുള്ളു. കുറെക്കൂടി വിപുലമായ ദിവ്യബോധത്തിൽ വികസിയ്ക്കുംതോറും ഈ പ്രകാശത്തിൻേറയും, ആനന്ദത്തിൻേറയും ചൈതന്യത്തിലേയ്ക്കുയരുവാനും, സ്വന്തം ആത്മസത്തയെ സാക്ഷാൽകരിയ്ക്കുവാനും, ഈശ്വരനുമായി അവിരതസായൂജ്യമാൎന്നി

രിക്കുവാനും, മനസ്സിൻേറയും, ജീവൻേറയും, ശരീരത്തിൻേറയും രൂപാന്തരത്തിന്നായി വൈജ്ഞാനികശക്തിയെ അവതരിപ്പിക്കുവാനും കഴിയുന്നതാണ്. ശ്രീ അരവിന്ദൻെറ യോഗത്തിൻെറ പ്രചണ്ഡലക്ഷ്യം ഈ സാധ്യതയുടെ വാസ്തവീകരണമാകുന്നു.''

ആദ്യന്തം പ്രകാശമയവും, ശ്രീ അരവിന്ദൻെറ കൃതിരത്നങ്ങളുടെയിടയിൽ ഒരമൂല്യമഹാമണിയുമായ 'അംബിക' ഒരു സാധകൻെറ സംശയങ്ങളുടെ പരിഹാരത്തിന്നായി എഴുതപ്പെട്ടതാണ്. 1929–ലാണ് ഇത് ആദ്യമായി പ്രസിദ്ധപ്പെടുത്തിയത്. അതിന്നുശേഷം, ഫ്രഞ്ച്, ബങ്കാളി, ഹിന്ദി, തെലുങ്ക്, തമിഴ് എന്നീ ഭാഷകളിൽ ഇതിൻെറ തർജ്ജമകരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിൻെറ മലയാളവിവത്തനമാണിത്. ഇതിൻെറ ആദ്യത്തെ വിഭാഗങ്ങരം ശ്രദ്ധ, ആരുരുക്ഷുതപം, അംബികാപരമായ ആത്മസമപ്പണം മുതലായവയെക്കുറിച്ച പ്രതിപാദിക്കുകയും, ദിവ്യകമ്മങ്ങളിൽ പരിപൂണ്ണത പ്രാപിക്കുവാനും, ഈശ്വരൻെറ ഒരുത്തമോപകരണമായിത്തീരുവാനും നാം അഹ്നന്മാരായിത്തീരത്തക്കവിധത്തിൽ, അജ്ഞാനത്തിലാണ്ടുകിടക്കുന്ന നമ്മുടെ സാധാര

ണജീവിതത്തിന്നു് ഉൽകഷ്ക്രമത്തോടുകൂടിയ ദിവ്യത്വം എങ്ങിനെ പ്രദാനംചെയ്യാമെന്നു് ചൂണ്ടിക്കാണിയ്ക്കുകയും ചെയ്യുന്നു. ധനത്തിൻെറ സത്യാനുസൃതമായ വിനിയമനത്തേയും, ആത്മീയവും വൈജ്ഞാനികവുമായ ജീവിതത്തിൽ അതിന്നുള്ള സ്ഥാനത്തേയുംകുറിച്ചു പ്രതിപാദിയ്ക്കുന്ന ഒരു വിഭാഗവും ഇതിലുണ്ടു്. ഏററവും ദീർഘവും, സർവോപരി പ്രധാനവുമായ ഒടുക്കത്തെ വിഭാഗത്തിൽ ശ്രീ അരവിന്ദൻ, പരമപുരുഷൻെറ ചേതനയും ശക്തിയുമായി, തൻെറ എല്ലാ സൃഷ്ടികാംക്കും എത്രയോ മേലെ സ്ഥിതിചെയ്യുന്ന അംബിക എന്തിന്നായിക്കൊണ്ടു് മൂന്നാംപ്പിരിവുകളോടുകൂടിയ ഈ നിസ്സാരസംസൃതിയിൽപ്പോലും അവതരണത്തിന്നു മുതിന്നുവെന്നു കാണിയ്ക്കുന്നു. അനന്തരമുള്ളതു് അംബികയുടെ മൂൎത്തിചതുഷ്ടയത്തെ—ബ്രഹ്മാണ്ഡത്തെ നയിയ്ക്കുന്നതിലും പ്രാപഞ്ചികലീലയുമായി ഇടപെടുന്നതിലും മുന്നിട്ടുനിന്നു പ്രവൎത്തിച്ചിട്ടുള്ള അവളുടെ നാലു പ്രധാനശക്തിവിശേഷങ്ങളെ—അധികരിച്ചുള്ള പ്രതിപാദനമാകുന്നു. സമസ്തവസ്തുക്കളുടേയും സംവിധാനത്തേയും അവയ്ക്കു ബാധകങ്ങളായ നിയമങ്ങളേയും ക്രമപ്പെടുത്തുന്ന മഹാബോധാത്മിക

യായും; അവയെ കർമ്മക്ഷമങ്ങളാക്കുകയും, സംധരിയ്ക്കുകയും ബലേന പ്രവർത്തിപ്പിയ്ക്കുകയും ചെയ്യുന്ന മഹാശക്തിയായും; അവയുടെ ഭിന്ന വിഭാഗങ്ങളെ മനോജ്ഞമായവിധത്തിൽ മേളിപ്പിയ്ക്കുന്ന മഹാവിലാസിനിയായും; മററു മൂവരുടെ നിർദ്ദേശങ്ങളെ സഫലങ്ങളാക്കുന്ന മഹാകർമ്മസ്വരൂപിണിയായും, ശ്രീ ·അരവിന്ദൻെറ ദിവ്യദർശനത്തിൽ അംബിക പരിലസിയ്ക്കുന്നു. പ്ര സ്തു ത മൂ ർത്തി ചതുഷ്ടയത്തെപ്പററി, വേറൊരു ഘട്ടത്തിൽ, ശ്രീ അരവിന്ദൻ ഇങ്ങിനെ ഉപന്യസിച്ചിട്ടുണ്ടു്:—

''എല്ലാ വിജ്ഞാനവും, എല്ലാ കഴിവുകളും, എല്ലാ ചാരിതാർത്ഥ്യങ്ങളും വിജയങ്ങളും, എല്ലാ കൌശലവും കർമ്മങ്ങളും അവളുടെ കൈകളിലാണുള്ളതു്; അവയാകട്ടേ, ആത്മികവിഭൂതികളെക്കൊണ്ടും, സമസ്തസംപൂർണ്ണതകളെക്കൊണ്ടും, സിദ്ധികളെക്കൊണ്ടും നിറഞ്ഞിരിയ്ക്കുന്നു. അവരം പരമവിജ്ഞാനത്തിൻെറ ദേവതയായ മഹേശ്വരിയാണ്: സത്യത്തിൻെറ നാനാരൂപഭേദങ്ങൾക്കും, വൈപുല്യത്തിന്നും പററിയ ദർശനങ്ങളേയും, ആധ്യാത്മികസംകല്പത്തിൻെറ നിർദ്ദോഷതയേയും, തൻെറ വൈജ്ഞാനികമഹത്വത്തിൻെറ ശാന്തിയേയും വികാരാ

വേശത്തേയും അവരം നമ്മുടെ അരികിലേയ്ക്കു കൊണ്ടുവരുന്നു. അവരം പരമശക്തിയുടെ ദേവതയായ മഹാകാളിയാണ്: എല്ലാ കഴിവുകളും, ആത്മികശക്തിയും, തപസ്സിൻെറ ഏററവും ദുസ്സഹങ്ങളായ നിഷ്ഠകളും, സമരോന്മുഖമായ വേഗവും, വിജയവും, പരാജയത്തേയും അജ്ഞാനത്തിൻെറ ശക്തിയേയും തൃണവൽകരിയ്ക്കുന്ന ആ അട്ടഹാസ്യവും അവളിൽ കുടികൊള്ളുന്നു. അവരം പരമപ്രേമത്തിൻേറയും പരമാനന്ദത്തിൻേറയും ദേവതയായ മഹാലക്ഷ്മിയാണ്: ആത്മികസൌഷ്ഠവവും, ആനന്ദത്തിൻെറ ആകഷ്കത്വവും, സൌന്ദര്യവും, അഭയവും, അനുഗ്രഹവും അവരം തരുന്ന വരങ്ങളാണ്. ദിവ്യകൌശലത്തിൻേറയും ആത്മികകമ്മങ്ങളുടേയും ദേവതയായ മഹാസരസ്വതിയും അവരംതന്നെ: കമ്മങ്ങളിലുള്ള കൌശലമാകുന്ന യോഗവും, ദിവ്യവിജ്ഞാനത്തിൻെറ പ്രായോഗികതകളും, ജീവിതത്തേയും, അതിൻെറ മനോജ്ഞമേളനങ്ങളിൽനിന്നുണ്ടാകുന്ന ആനന്ദത്തേയും അധികരിച്ച് ആത്മാവെ സ്വയം പ്രവത്തിപ്പിയ്ക്കുവാനുള്ള സാമത്ഥ്യവും അവളുടേതാകുന്നു............"

21—2—1940 കെ. കൃഷ്ണൻനമ്പ്യാർ

# I

**ചോദ**ടേനിന്നു പ്രാൎത്ഥിയ്ക്കുന്ന അചഞ്ചലവും അക്ഷീണവുമായ ഒരു ആരുരുക്ഷുതവും, മുകളിൽനിന്നു പ്രതിവചസ്സരുളുന്ന പരമമായ ഒരു കൃപാവിലാസവും;—പരസ്പരം മേളിച്ച ഈ രണ്ടു ശക്തികാംക്കുമാത്രമേ നമ്മുടെ പ്രയത്നത്തിന്നു ലക്ഷ്യമായ ആ മഹത്തും സപ്രയാസവുമായ കാൎയ്യം സാധിപ്പിയ്ക്കുവാൻ കഴിയുകയുള്ളു.

പക്ഷെ, ഈ പരമമായ കൃപാവിലാസം ജ്യോതിസ്സിൻേറയും സത്യത്തിൻേറയും നിയമങ്ങാംക്കു വിധേയമായിമാത്രമേ പ്രവൎത്തിയ്ക്കുകയുള്ളു; അസത്യവും അവിദ്യയും അതിന്മേൽ പ്രക്ഷേപിയ്ക്കുന്ന വ്യവസ്ഥകാംക്കനുസരിച്ച് അതു പ്രവൎത്തിയ്ക്കുകയില്ല. എന്തുകൊണ്ടെന്നാൽ, അത് അസത്യത്തിൻെറ പ്രചോദനങ്ങാംക്കു വഴങ്ങുന്നതായാൽ സ്വീയോദ്ദേശ്യത്തെത്തന്നെ പരാജയപ്പെടുത്തിക്കളയും.

ജ്യോതിസ്സിൻേറയും സത്യത്തിൻേറയും നിയമങ്ങഠം താഴെ ചേക്കുന്നവയാണ്. ഈ നിയമങ്ങളേ അനുസരിച്ചുമാത്രമേ പരമമായ ശക്തി കീഴ്പോട്ടിറങ്ങുകയുള്ളു; മുകളിൽനിന്നിറങ്ങുകയും ചോടേനിന്നു വികസിയ്ക്കുകയും ചെയ്യുന്ന പരമോൽകൃഷ്ടമായ വിജ്ഞാനശക്തിയ്ക്കുമാത്രമേ ഭൌതികപ്രകൃതിയുമായുള്ള പെരുമാററത്തിൽ വിജയം നേടുവാനും തത്സംബന്ധികളായ ക്ലേശങ്ങളെ സമൂലം നിഹനിയ്ക്കുവാനും സാധിയ്ക്കുകയുമുള്ളു........................ നിശ്ശേഷവും ഹാർദ്ദവുമായ ആത്മസമപ്പ്ണം; ദിവ്യശക്തിയെസ്സംബന്ധിച്ചുമാത്രം ഉന്മുഖമായിരിയ്ക്കുന്ന ഒരാത്മവികാസം; കീഴ്പ്പോട്ടിറങ്ങുന്ന സത്യത്തിൻേറ അവിരതവും സമഗ്രവുമായ സവിശേഷഗ്രഹണവും, വിശ്വപ്രകൃതിയെ ഇപ്പോഴും ഭരിയ്ക്കുന്ന അന്നമയ—പ്രാണമയ—മനോമയശക്തികളിലും ആകാരങ്ങളിലുമുള്ള അസത്യത്തിൻേറ അവിരതവും സമഗ്രവുമായ ഒരു നിഷേധവും—ഇവ അത്യന്താപേക്ഷിതങ്ങളാണ്.

ഈ ആത്മസമപ്പ്ണം നിശ്ശേഷവും സത്തയുടെ സകല ഭാഗങ്ങളേയും ഗ്രഹിയ്ക്കുന്നതുമായിരിയ്ക്കണം. ആ ശക്തിപ്രവാഹത്തെ അന്ത

രാത്മാവ് പ്രതിബോധിയ്ക്കുകയും, ഉപരിമാനസം സ്വീകരിയ്ക്കുകയും ചെയ്യുതുകൊണ്ടോ, അഥവാ, അന്തഃപ്രാണൻ അതിന്നു കീഴടങ്ങുകയും അന്തഃശരീരചൈതന്യം അതിനെ അറിയുകയും ചെയ്യുതുകൊണ്ടുപോലുമോ, മതിയാകുന്നതല്ല. വല്ലതിനേയും ഒഴിച്ചുനിൎത്തുന്നതോ, സംശയങ്ങളുടേയും സംഭ്രാന്തികളുടേയും അന്തഃകാപട്യങ്ങളുടേയും പിന്നിലൊളിയ്ക്കുന്നതോ, പ്രതിരോധിയ്ക്കുകയോ പ്രതിഷേധിയ്ക്കുകയോ ചെയ്യുന്നതോ ആയ യാതൊന്നുംതന്നെ സത്തയുടെ ഒരു വശത്തും—ഏററവും ബാഹ്യമായ വശത്തുപോലും—ഉണ്ടായിരിപ്പാൻ പാടുള്ളതല്ല.

നിങ്ങളുടെ ഒരംശം വഴങ്ങുകയും, മറെറാരംശം തന്നെത്താൻ ഒഴിച്ചുനിൎത്തുകയും, സ്വേച്ഛാനുസൃതമായ ഒരു മാൎഗ്ഗത്തെ അനുസരിയ്ക്കുകയും സ്വന്തവ്യവസ്ഥകളെ നിൎമ്മിയ്ക്കുകയും ചെയ്യുകയാണെങ്കിൽ, അങ്ങിനെ സംഭവിയ്ക്കുന്ന ഓരോ തവണയും നിങ്ങൾ ദിവ്യകാരുണ്യത്തെ നിങ്ങളിൽനിന്നു സ്വയം തള്ളിയകററുകയാണ് ചെയ്യുന്നത്.

നിങ്ങളുടെ ഭക്തിയുടേയും ആത്മസമൎപ്പണത്തിൻേറയും പിന്നിലായി നിങ്ങളുടെ കാമങ്ങൾക്കും അഹങ്കാരപ്രേരണകൾക്കും പ്രാണ

മയനിഷ്പഷ്കരംക്കും നിങ്ങരം ഒരു ഗൂഢസങ്കേതം സൃഷ്ടിയ്ക്കുകയാണെങ്കിൽ—അവയെ നിങ്ങരം യഥാൎത്ഥമായ ആരുരുക്ഷ്യതചത്തിൻെറ സ്ഥാനത്തു പ്രതിഷ്ഠിയ്ക്കുകയോ, അതോടുകൂടി കൂട്ടിക്കലൎത്തുകയോ, ദിവ്യശക്തിയുടെമേൽ പ്രക്ഷേപിയ്ക്കുവാൻ ശ്രമിയ്ക്കുകയോ ചെയ്യുന്നപക്ഷം—നിങ്ങളെ രൂപാന്തരപ്പെടുത്തുവാനായി ആ ദിവ്യകാരുണ്യത്തോടുള്ള നിങ്ങളുടെ പ്രാൎത്ഥന നിഷ്ഫലമായിത്തന്നെയിരിയ്ക്കും.

നിങ്ങരം നിങ്ങളുടെ ഒരു വശമോ ഒരംശമോ സത്യത്തിന്നു തുറന്നുകൊടുക്കുകയും, മറെറാരു വശത്തു വിപരീതശക്തികരംക്കായി നിരന്തരം കവാടങ്ങരം തുറന്നുവെയ്ക്കുകയും ചെയ്യുകയാണെങ്കിൽ, ദിവ്യകാരുണ്യം നിങ്ങളിൽ കുടികൊള്ളുമെന്ന പ്രതീക്ഷ മിഥ്യയായിരിയ്ക്കും. ആ സജീവസാന്നിദ്ധ്യത്തെ നിങ്ങളിൽ പ്രതിഷ്ഠിയ്ക്കുവാൻ ആഗ്രഹമുള്ളപക്ഷം നിങ്ങരം പ്രതിഷ്ഠാലയത്തെ പരിശുദ്ധമാക്കി വെക്കേണ്ടതാണ്.

ഓരോ പ്രാവശ്യവും ആ ശക്തി ഇടപെട്ട് സത്യത്തെ ആനയിയ്ക്കുമ്പോരം, നിങ്ങരം അതിന്നു പരാങ്മുഖരായിനിന്നു, ബഹിഷ്കൃതമായ അസത്യത്തെ വീണ്ടും പരിഗ്രഹിയ്ക്കുന്നതായാൽ

നിങ്ങളെ കൈവെടിഞ്ഞതിന്നു നിങ്ങറം കുററ പ്പെടുത്തേണ്ടതു് ആ ദിവ്യകാരുണ്യത്തെയല്ല, നിങ്ങളുടെ സങ്കല്പത്തിൻെറ കാപട്യത്തേയും ആത്മദാനത്തിൻെറ അസംപൂൎത്തിയേയും മാത്ര മാണു്.

നിങ്ങറം സത്യത്തിന്നായി പ്രാൎത്ഥിയ്ക്കുക യും, അതേ സമയത്തു നിങ്ങളിൽ കുടികൊള്ളു ന്ന വല്ലതും അസത്യവും അവിദ്യാപരവും ദി വ്യേതരവുമായുള്ളതിനെ വരിയ്ക്കുകയോ, അഥ വാ, അതിനെ തീരേ തിരസ്കരിയ്ക്കുവാൻ ഇഷ്ട പ്പെടാതിരിയ്ക്കുകയോ ചെയ്യുകയുമാണെങ്കിൽ, നിങ്ങറം എപ്പോഴും ധൃഷ്യന്മാരായിത്തീരുകയും, ആ കൃപാവിലാസം നിങ്ങളിൽനിന്നു് പിൻ വാങ്ങി അകന്നുപോവുകയും ചെയ്യുന്നതാണു്. ഒന്നാമതു്, നിങ്ങളിൽ അസത്യമായും അപ്ര കാശിതമായും കിടക്കുന്നതു് എന്താണെന്നു് ആരാഞ്ഞറിയുകയും അതിനെ സനിഷ്പ്പഷ്ം പരിത്യജിയ്ക്കുകയും ചെയ്യുക; അപ്പോറം മാത്ര മേ നിങ്ങളെ രൂപാന്തരപ്പെടുത്തുവാൻ ദിവ്യ ശക്തിയോടു് പ്രാൎത്ഥിയ്ക്കുന്നതിന്നു നിങ്ങറം അഹ്ന്മാരായിത്തീരുകയുള്ളു.

ഈശ്വരന്നു പ്രാൎത്ഥനാപൂൎവ്വം ഒഴിച്ചുവെയ്ക്ക പ്പെട്ട മന്ദിരത്തിൽ സത്യവും അസത്യവും, വെ

ളിച്ചവും ഇരുട്ടും, ആത്മദാനവും സ്വാത്ഥതല്പരതയും, ഒരുമിച്ച നിവസിയ്ക്കുവാൻ അനുവദിയ്ക്കപ്പെട്ടമെന്ന് സ്വപ്നേപി വിചാരിച്ചപോകരുത്. രൂപാന്തരം സമഗ്രമായിരിയ്ക്കേണ്ടതാണ്; അതുകൊണ്ട് അതിനെ പ്രതിരോധിയ്ക്കുന്ന എല്ലാററിൻേറയും നിഷ്കാസനവും സമഗ്രമായിത്തന്നേയിരിയ്ക്കണം.

പരമനിശ്ചിതങ്ങളായ വ്യവസ്ഥകളെ നിറവേററിയില്ലെങ്കിൽക്കൂടി, നിങ്ങളുടെ ആവശ്യപ്രകാരം സൎവ്വവും നിങ്ങൾക്കുവേണ്ടി ഭഗവച്ഛക്തി സാധിപ്പിയ്ക്കുമെന്നും, അങ്ങിനെ ചെയ്യുവാൻ അതു നിർബ്ബദ്ധമാണെന്നുമുള്ള തെററു ധാരണ ഉപേക്ഷിയ്ക്കുക. നിങ്ങളുടെ ആത്മദാനം യഥാൎത്ഥവും സംപൂൎണ്ണവുമാക്കുക; എന്നാൽ മാത്രമേ നിങ്ങൾക്കുവേണ്ടി ബാക്കിയെല്ലാം നിൎവ്വഹിയ്ക്കപ്പെടുകയുള്ളു.

നിങ്ങൾക്കുവേണ്ടി ആത്മസമൎപ്പണംപോലും ദിവ്യശക്തിതന്നെ സാധിപ്പിച്ചുതരുമെന്ന അബദ്ധവും അലസതാജന്യവുമായ പ്രതീക്ഷയും ഉപേക്ഷിയ്ക്കുക. പരാശക്തി നിങ്ങളുടെ ആത്മസമൎപ്പണം ആവശ്യപ്പെടുകയല്ലാതെ അതു നിങ്ങളുടെമേൽ വെച്ചുകെട്ടുന്നില്ല; അപ്രതിരോധ്യമായ രൂപാന്തരം സംഭവിയ്ക്കുന്നതുവരെ ഏതു

നിമിഷത്തിലും ഈശ്വരനെ നിഷേധിയ്ക്കുകയും, നിരസിയ്ക്കുകയും ചെയ്യുവാനോ, നിങ്ങളുടെ ആത്മദാനത്തെ തിരിച്ചെടുക്കുവാനോ നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്—അതിൻെറ ആദ്ധ്യാത്മികമായ അനന്തരഫലം അനുഭവിപ്പാൻ നിങ്ങൾ ഒരുങ്ങിയിരിയ്ക്കുണമെന്ന് മാത്രമേയുള്ളു. നിങ്ങളുടെ ആത്മദാനം സ്വയംകൃതവും സ്വതന്ത്രവുമായിരിയ്ക്കുണം; അത് ഒരു സജീവസത്തയുടെ സമപ്പണമായിരിയ്ക്കണം; അല്ലാതെ, അചേതനമായ ഒരു യന്ത്രപ്പാവയുടേയോ, യാന്ത്രികോപകരണത്തിൻേറയോ ആയിരിയ്ക്കരുത്.

നിശ്ചേഷ്ടമായ നിഷ്ക്രിയത യഥാൎത്ഥമായ ആത്മദാനമായി പലരും നിയമേന തെററിദ്ധരിയ്ക്കാറുണ്ട്; എന്നാൽ നിശ്ചേഷ്ടമായ നിഷ്ക്രിയതയിൽനിന്നു സത്യവും ഊർജസ്വലവുമായ യാതൊന്നും ഉത്ഭവിയ്ക്കാവുന്നതല്ല. ഭൌതികപ്രകൃതിയുടെ നിർജീവമായ നിഷ്ക്രിയതയാണ് അതിനെ താമസികങ്ങളും ദിവ്യേതരങ്ങളുമായ ശക്തികളുടെ സ്വേച്ഛാപ്രവൎത്തനത്തിന്നു വിധേയമാക്കി വിട്ടുകൊടുക്കുന്നത്. ദിവ്യശക്തിയുടെ പ്രവൎത്തനത്തെ സ്സംബന്ധിച്ചിടത്തോളം, സോല്ലാസവും, ഊർജസ്വലവും, സഹായകവുമായ വിധേയത്വമാ

ണ് പ്രബുദ്ധനായ സത്യസംസേവകന്ന്—അസത്യത്തോടും തമസ്സോടും മല്ലിടുന്ന ആത്മീയ ഭടന്ന്—ഈശ്വരന്റെ വിശ്വാസ്യഭൃത്യന്ന്—അത്യാവശ്യമായിട്ടുള്ളത്.

ഇതാണ് സത്യമായ മനോഭാവം; ഇതിനെ കൈക്കൊള്ളുവാനും നിലനിൎത്തുവാനും സാധിക്കുന്നവർ ഭഗ്നാശകൾക്കും ക്ലേശങ്ങൾക്കും ചലിപ്പിക്കുവാനാകാത്ത ഒരു ശ്രദ്ധയെ സുരക്ഷിതമാക്കുകയും, പരീക്ഷണഘട്ടത്തെ തരണം ചെയ്ത് പരമമായ വിജയത്തേയും മഹത്തായ രൂപാന്തരത്തേയും പ്രാപിക്കുകയും ചെയ്യുന്നു.

## II

ഭഗവാൻ സ്വകീയമായ ശക്തിയിലൂടേ പ്രാപഞ്ചികപ്രവർത്തനങ്ങളിലെല്ലാം സർവ്വകർമ്മങ്ങളുടേയും പിന്നിൽ പ്രതിഫലിക്കുന്നു; അപരപ്രകൃതിയിലാകട്ടേ, അവൻ തൻെറ യോഗമായയാൽ സമാവൃതനായി, ജീവൻെറ അഹംബുദ്ധി വഴിയായിട്ടാണ് പ്രവർത്തിക്കുന്നത്.

യോഗക്രമത്തിലും ഭഗവാൻതന്നെയാണ് സാധകനും സാധനയുമായിരിക്കുന്നത്. ജ്യോതിസ്സും പ്രഭാവവും വിജ്ഞാനവും ചൈതന്യവും ആനന്ദവും ഉൾക്കൊണ്ട് ഭഗവച്ഛക്തി ആധാരത്തിന്മേൽ (സ്ഥൂലസത്തയിന്മേൽ) പ്രവർത്തിക്കുകയും ആ ശക്തിയെ സ്വീകരിക്കുവാൻ തക്കവണ്ണം, ആധാരം വികസിക്കുകയും ചെയ്യുമ്പോൾ, ആ ദിവ്യപ്രഭാവങ്ങളോടുകൂടി അവൾ അതിലേക്ക് പ്രവഹിക്കുന്നതിനാലാണ് സാധന സാധ്യമായിത്തീരുന്നത്. എന്നാൽ, അപരപ്രകൃതി പ്രവർത്തകമായിരിക്കുവോളം സാധകന്ന് അഭ്യാസനിഷ്ഠ ആവശ്യമായിത്തന്നേയിരിക്കുന്നു.

ആരുരുക്ഷുത്വം, നിരസനം, ആത്മദാനം, എന്നീ പ്രത്യേകപ്രയത്നത്രയമാണ് ഈ നിഷ്ഠയിൽ അടങ്ങിയിരിക്കുന്നത്—

ജാഗ്രത്തും അചഞ്ചലവും അവിരതവുമായ ആരുരുക്ഷുത്വത്തിൽ മനസ്സിൻെറ ഭാവനയും, ഹൃദയത്തിൻെറ പ്രചോദനവും, പ്രാണമയസത്തയുടെ അനുമതിയും ശാരീരചേതനയേയും സ്വഭാവത്തേയും വികസിപ്പിക്കുകയും ഭാവനാവിധേയമാക്കുകയും ചെയ്യുവാനുള്ള ഒരു ദൃഢനിശ്ചയവും ഉൾക്കൊണ്ടിരിക്കുന്നു.

അപരപ്രകൃതിജന്യങ്ങളായ വേഗങ്ങളുടെ നിരസനം—യഥാൎത്ഥജ്ഞാനം നിശ്ചലയമായ മനസ്സിൽ നിൎബ്ബാധസങ്കേതം പ്രാപിക്കത്തക്കവണ്ണം, മനസ്സിൻെറ ആശയങ്ങൾ, അഭിപ്രായങ്ങൾ, അഭിരുചികൾ, ശീലങ്ങൾ, നിൎമ്മാണങ്ങൾ, എന്നിവയുടെ നിരസനം—മുകളിൽനിന്നു യഥാൎത്ഥപ്രഭാവാനന്ദങ്ങൾ, പ്രശാന്തമായും, സുവിശാലമായും, ദൃഢമായും, ഈശ്വരാൎപ്പിതമായുമുള്ള പ്രാണസത്തയിലേക്കു പ്രവഹിക്കത്തക്കവിധം പ്രാണപ്രകൃതിയുടെ ആഗ്രഹങ്ങൾ, ആവശ്യങ്ങൾ, തൃഷ്ണകൾ, ഇന്ദ്രിയാനുഭൂതികൾ, മനോവികാരങ്ങൾ, സ്വാൎത്ഥം, ദൎപ്പം, ഔദ്ധ

ത്യം, കാമം, ലോഭം അസൂയ, അസഹിഷ്ണുത, സത്യപ്രദ്വേഷം എന്നിവയുടെ നിരസനം—ഉത്തരോത്തരം ദൈവമയമായിത്തീരുന്ന ശരീരത്തിൽ ജ്യോതിസ്സിൻേറയും ശക്തിയുടേയും ആനന്ദത്തിൻേറയും യഥാൎത്ഥസ്ഥൈര്യം സുപ്രതിഷ്ഠിതമാകത്തക്കവണ്ണം സ്ഥൂലപ്രകൃതിയുടെ മൌഢ്യം, സംശയം, അവിശ്വാസം, അപ്രകാശകത്വം, ശാഠ്യം, ലാഘവം, ആലസ്യം, യാഥാസ്ഥിതികത്വം, തമസ്സ് എന്നിവയുടെ നിരസനം—ഇതത്രേ യഥാൎത്ഥമായ നിരസനം.

ആത്മദാനമാകട്ടെ, തന്നെത്തന്നെയും, താൻ എന്തൊക്കെയാണോ, തനിയ്ക്കെന്തെല്ലാമുണ്ടോ അവയേയും, ചേതനയുടെ എല്ലാ മണ്ഡലങ്ങളേയും, എല്ലാ പ്രചലനങ്ങളേയും ഈശ്വരനായിക്കൊണ്ടും തച്ഛക്തിയ്ക്കായിക്കൊണ്ടും സമൎപ്പിയ്ക്കുകയാകുന്നു.

* * *

ആത്മദാനവും ഈശ്വരപരമായ ആത്മസമൎപ്പണവും ക്രമപ്രവൃദ്ധമാകുന്നതിന്നനുസരിച്ച ദിവ്യശക്തിതന്നെ സാധനചെയ്യുന്നതായും, അവളുടെ ആത്മഭാവത്തെ അധികമധികം തന്നിലേയ്ക്കു സംക്രമിപ്പിയ്ക്കുന്നതായും, ദിവ്യപ്രകൃതിയുടെ സ്വാതന്ത്ര്യവും പൂൎണ്ണതയും തന്നിൽ സ്ഥാ

പിയ്ക്കുന്നതായും, സാധകന്ന് അനുഭവപ്പെടുന്നു. ഈ ബോധാനുക്രമം സ്വപ്രയത്നത്തിൻെറ സ്ഥാനത്ത് എത്രമേൽ നിവിഷ്ടമായിത്തീരുന്നുവോ, അത്രമേൽ ശീഘ്രവും യഥാൎത്ഥവുമായിരിയ്ക്കും സാധകൻെറ പുരോഗതി. എന്നാൽ ആത്മസമൎപ്പണവും, ഈശ്വരപരമായ പരിപൂൎണ്ണവിധേയത്വവും, ആമൂലം, ആശിഖം, പരിപൂതവും പരിപൂൎണ്ണവുമാകുന്നതുവരേയും സ്വപ്രയത്നത്തിൻെറ സ്ഥാനം മുഴുവനായി സ്വീകരിയ്ക്കുവാൻ അതിന്നു കഴിയുന്നതല്ല.

നിശ്ചിതവ്യവസ്ഥകളെ നിറവേററുവാൻ കൂട്ടാക്കാതെ ഈശ്വരനോട് സൎവ്വവും ചെയ്തുകൊള്ളുവാനും, ക്ലേശത്തിൽനിന്നും പ്രയത്നത്തിൽനിന്നും തന്നെ ഒഴിവാക്കുവാനും അപേക്ഷിച്ചുകൊണ്ടുള്ള അലസമായ ആത്മസമൎപ്പണം ഒരു മിഥ്യാചാരംമാത്രമാണെന്നും മുക്തിയേയും സംപൂൎണ്ണതയേയും അതു പ്രാപിയ്ക്കുകയില്ലെന്നും ഓൎത്തുകൊള്ളേണ്ടതാണ്.

# III

എല്ലാ ഭയത്തേയും, അപായത്തേയും, പ്രണാശത്തേയും സംബന്ധിച്ച കവചാവൃതനായി ജീവിതാധ്വാവിൽക്കൂടി നടക്കുവാൻ എല്ലായ്പ്പോഴും ഒരുമിച്ചു കാണപ്പെടുന്ന രണ്ടേരണ്ടു കാര്യങ്ങൾമാത്രമേ വേണ്ടൂ—ദിവ്യമാതാവിൻെറ തിരുവുള്ളവും, നിങ്ങളെസ്സംബന്ധിച്ചിടത്തോളം ശ്രദ്ധ, നൈർമ്മല്യം, ആത്മസമർപ്പണം എന്നിവയുടെ സംഘാതമായ ഒരാന്തരാവസ്ഥയും. നിങ്ങളുടെ ശ്രദ്ധ കറയററതും ഉൾത്തെളിവോടുകൂടിയതും പരിപൂർണ്ണവുമായിരിയ്ക്കട്ടെ. ഔന്നത്യവാഞ്ഛ, ദർപ്പം, മിഥ്യാഭിമാനം, ഔദ്ധത്യം, ജീവസംബന്ധിയായ അഭിലാഷം, ദൈഹികവാഞ്ഛ, അപരപ്രകൃതിയുടെ ചില്ലറസ്സംതൃപ്തികൾക്ക വേണ്ടിയുള്ള തൃഷ്ണ, എന്നിവയാൽ മ്ലാനമായ മനോമയസത്തയിലും പ്രാണമയസത്തയിലുമുള്ള ആഹങ്കാരികമായ അഭിനിവേശം സ്വാർത്ഥത്തിലേയ്ക്കാളിക്കത്തുവാനാവാത്ത മങ്ങിയതും ധൂമാവൃതവുമായ ഒരഗ്നി

ശിഖയാകുന്നു. നിങ്ങളുടെ ജീവിതം ഈശ്വര കർമ്മത്തിന്നായും തദ്വിഭൂതികൾക്ക സഹായമായും മാത്രം നിങ്ങൾക്ക് നൽകപ്പെട്ടതായി കരുതുക. ദിവ്യചൈതന്യത്തിൻെറ സംശുദ്ധിയും ശക്തിയും തേജസ്സും വിപുലതയും ശാന്തിയും ആനന്ദവും നിങ്ങളുടെ മനസ്സിനേയും ജീവനേയും ദേഹത്തേയും രൂപാന്തരപ്പെടുത്തുവാനും സംസ്കൃതമാക്കുവാനുമുള്ള അതിൻെറ പ്രചോദനമൊഴിച്ച മററൊന്നിനേയും ആഗ്രഹിയ്ക്കാതിരിയ്ക്കുക. ദിവ്യവും ആദ്ധ്യാത്മികവും വിജ്ഞാനാത്മകവുമായ സത്യത്തിന്നും; ഈ ഭൂമിയിലും നിങ്ങളിലും, ആമന്ത്രിതരും സ്വീകൃതരുമായ എല്ലാവരിലും, അതിൻെറ സാക്ഷാൽക്കരണത്തിന്നും; അതിൻെറ സൃഷ്ടിയ്ക്കും, എല്ലാ പ്രതികൂലശക്തികളുടേയും മേൽ അതിൻെറ വിജയത്തിന്നും ആവശ്യമായ ഉപാധികൾക്കമല്ലാതെ മററൊന്നും ചോദിയ്ക്കാതിരിയ്ക്കുക.

നിങ്ങളുടെ ആന്തരനൈർമ്മല്യവും ആത്മസമർപ്പണവും കലർപ്പില്ലാത്തതും സംപൂർണ്ണവുമായിരിയ്ക്കട്ടെ. ആത്മാർപ്പണാവസരത്തിൽ അഹംബുദ്ധിയ്ക്കോ അന്യശക്തിയ്ക്കോ യാതൊന്നും തന്നെ അവശേഷിയ്ക്കാത്ത വിധത്തിൽ നിങ്ങളിലുള്ളതു മുഴുവനും ദിവ്യമാതാവിൻേറതായി

ത്തീരത്തക്കവണ്ണം നിങ്ങളുടെ ആത്മദാനം പൂർണ്ണവും അനർത്ഥിതവും നിരുപാധികവും കലവറയില്ലാത്തതുമായിരിക്കട്ടെ.

നിങ്ങളുടെ ശ്രദ്ധയും ആന്തരനൈർമ്മല്യവും ആത്മസമർപ്പണവും എത്രമേൽ പരിപൂർണ്ണമോ, അത്രമേൽ അമ്മയുടെ വരാഭയങ്ങൾ നിങ്ങളുടെ സഹവർത്തികളായിരിക്കും. ദിവ്യമാതാവിൻെറ വരാഭയങ്ങൾ നിങ്ങൾക്ക തുണയുണ്ടെങ്കിൽ നിങ്ങളെ ഉപദ്രവിക്കുവാൻ എന്തൊന്നിനു കഴിയും? നിങ്ങൾ ആരെപ്പേടിക്കണം? നാനാ ക്ലേശങ്ങളിൽനിന്നും പ്രതിബന്ധങ്ങളിൽനിന്നും അപായങ്ങളിൽനിന്നും നിങ്ങളെ ത്രാണനം ചെയ്വാൻ അതിൻെറ സ്വല്പാംശം മാത്രംമതി; അതിൻെറ പൂർണ്ണസാന്നിദ്ധ്യത്താൽ സമാവൃതനാണെങ്കിലോ, എല്ലാ ഭീഷണികളേയും അവഗണിച്ച്, ഈ ലോകത്തിൽനിന്നോ അദൃശ്യലോകങ്ങളിൽനിന്നോ പുറപ്പെടുന്ന എല്ലാ പ്രതികൂലശക്തികൾക്കും—അവ എത്ര ശക്തിമത്തായാലും ശരി—അധൃഷ്യനായി നിങ്ങൾക്ക നിർബ്ബാധം നിങ്ങളുടെ വഴിക്കു പോകാവുന്നതാണ്; കാരണം, അവളുടേതുതന്നെയാണ് ആ വഴി. വരാഭയങ്ങളുടെ സ്പർശം ക്ലേശങ്ങളെ സൌകര്യങ്ങളായും, പരാജയത്തെ വിജയമായും,

ദൌർബല്യത്തെ പതറാത്ത ഊക്കായും മാററുന്നു; എന്തുകൊണ്ടെന്നാൽ, ദിവ്യമാതാവിൻെറ തിരുവുള്ളം പരാൽപരൻെറ അനുഗ്രഹമാണ്; ഇന്നല്ലെങ്കിൽ നാളെ അതിൻെറ ഫലം തീച്ച്യയാണ്;—വിധിയ്ക്കപ്പെട്ടതും ഒഴിവില്ലാത്തതും തടവില്ലാത്തതുമായ ഒരു ഭവിഷ്യത്ത്.

## IV

സൎവ്വപ്രാപഞ്ചികമായ ഒരു ശക്തിയുടെ കാണാവുന്ന അടയാളമാണ് പണം; ഈ ശക്തി, ഭൌതികമായ അതിൻെറ മൂൎത്തത്വാവലംബനത്തിൽ, പ്രാണമയവും അന്നമയവുമായ മണ്ഡലങ്ങളിന്മേൽ വ്യാപരിയ്ക്കുന്നതും, ബാഹ്യജീവിതത്തിൻെറ സംപൂൎത്തിയ്ക്ക് ഒഴിച്ചുകൂടാത്തതുമത്രേ. ഉല്പത്തിയിലും യഥാൎത്ഥപ്രവൎത്തനത്തിലും അത് ഐശ്വരമാകുന്നു. പക്ഷെ, ഈശ്വരൻെറ ഇതരശക്തികളെന്നപോലെ, അതും ഇവിടെ വിനിയമിതമായി വൎത്തിയ്ക്കുന്നതും, അപരപ്രകൃതിയുടെ അജ്ഞതയാൽ അഹംബുദ്ധിയ്ക്കടിമപ്പെടുകയോ, ആസുരപ്രേരണകളുടെ പിടിയിൽ പെട്ട് അവയുടെ ആവശ്യങ്ങൾക്കായി തലതിരിയ്ക്കപ്പെടുകയോ ചെയ്യേയ്ക്കാവുന്നതുമാണ്. മാനുഷാഹംബുദ്ധിയ്ക്കും ആസുരത്വത്തിന്നും അത്യന്താകൎഷകമായതും, ഉടമസ്ഥന്മാരാൽ, നിയമേന, അന്യായ്യമായി സൂക്ഷിയ്ക്കപ്പെടുകയും അന്യായ്യമായി ഉപയോ

ഗിയ്ക്കപ്പെടുകയും ചെയ്യുന്നതുമായ അധീശത, സമ്പത്ത്, ലൈംഗികേച്ഛ എന്നീ ശക്തിത്രയത്തിൽ ഒന്നുതന്നെയാണത്. വിത്തം തേടുന്നവരേയും നേടുന്നവരേയും അതിൻെറ ഉടമകളായിട്ടല്ല, അടിമകളായിട്ടാണ് കാണുന്നത്; ചിരകാലത്തെ ആസുരഗ്രഹണത്താലും ഉപയോഗവ്യഭിചാരത്താലും അതിന്മേൽ പാടുപതിഞ്ഞുകിടക്കുന്ന ഒരു തരം വക്രിതപ്രേരണയിൽനിന്ന് തീരേ രക്ഷപ്പെടുന്നവർ ചുരുക്കമാണ്. ഈ കാരണത്താൽത്തന്നെയാണ് ആദ്ധ്യാത്മികവിദ്യാഭ്യാസപദ്ധതികളിൽ മിക്കവയും ധനത്തെസ്സംബന്ധിച്ച് പൂർണ്ണമായ ആത്മസംയമനവും, അനാസക്തിയും, അത്ഥലാഭത്തിന്നായുള്ള വ്യക്തിപരവും അധികാരപരവുമായ ആശാപാശങ്ങളുടെ പരിത്യാഗവും നിബ്ബന്ധമാക്കുന്നത്. ചില പദ്ധതികളാകട്ടെ, പണത്തേയും സ്വത്തുക്കളേയും വിലക്കുകകൂടിച്ചെയ്യുകയും, ദാരിദ്ര്യവും ജീവിതത്തിൻെറ നഗ്നതയുമാണ് ഏകമായ ആധ്യാത്മികസ്ഥിതിയെന്ന് ഉദ്ഘോഷിയ്ക്കുകയും ചെയ്യുന്നു. എന്നാൽ, ഇതൊരബദ്ധമാണ്; തന്നിമിത്തം ആ പ്രാപ്തി അഹിതകാരികളായ ശക്തികൾക്കു വിധേയമായിത്തീരുന്നു. അതിൻെറ ഉടമയായ ദൈവ

ത്തിന്നുവേണ്ടി അതിനെ വീണ്ടെടുക്കുകയും, ദൈവികസരണികളിലൂടെ ദിവ്യജീവിതത്തിന്നായി ധനത്തെ ഉപയോഗിയ്ക്കുകയുമാണ് സാധകനുള്ള വിജ്ഞാനപദ്ധതി.

നിങ്ങൾ ധനശക്തിയിൽനിന്നും, അതു നൽകുന്ന ഉപകരണങ്ങളിൽനിന്നും, അത് ആയത്തമാക്കുന്ന ഫലങ്ങളിൽനിന്നും, സംന്യാസിയുടെ സങ്കോചത്തോടുകൂടി പിൻതിരിയുകയാകട്ടെ, അവയിൽ ഒരു രാജസാസക്തിയേയോ, അവ സാധിപ്പിയ്ക്കുന്ന ഇന്ദ്രിയസംതൃപ്തികളിൽ തന്നെത്താൻ അടിമപ്പെടുത്തുന്നവിധത്തിലുള്ള ഭോഗലോലുപതയേയോ പുലർത്തുകയാകട്ടെ, ചെയ്യരുത്. അമ്മയ്ക്കുവേണ്ടി വീണ്ടെടുക്കേണ്ടതും അവളുടെ സേവനത്തിന്നുവേണ്ടി ഉപയോഗിയ്ക്കേണ്ടതുമായ ഒരു ശക്തിവിശേഷംമാത്രമായി ദ്രവ്യത്തെ കരുതുക.

എല്ലാ ദ്രവ്യവും ശിവദ്രവ്യമാണ്; അതു കൈവശം വെയ്ക്കുന്നവർ രക്ഷാധികാരികൾമാത്രമാണ്, ഉടമകളല്ല. ഇന്ന് അത് അവരുടെ കൂടെയുണ്ട്; നാളെ അതു വേറൊരിടത്തായേയ്ക്കാം. അത് അവരുടെ കൈവശമുള്ളപ്പോൾ അവർ എങ്ങിനെ, എന്തു മനഃസ്ഥിതിയോടുകൂടി, ഏതുതരം ഉപയോഗബോധത്തോടുകൂടി,

എന്നുദ്ദേശ്യസിദ്ധിയ്ക്കായിക്കൊണ്ട്, അവരുടെ രക്ഷാധികാരിത്വത്തെ നിറവേററുന്നു എന്ന സംഗതിയാണ് അതിൽ കാര്യമായിരിയ്ക്കുന്നത്.

അവനവന്നുവേണ്ടിയുള്ള ധനോപയോഗത്തിൽ നിങ്ങൾക്കുള്ളതോ കിട്ടുന്നതോ നിങ്ങൾ കൊണ്ടുവരുന്നതോ ആയ എല്ലാം അമ്മയുടേതാണെന്ന് കരുതുക. യാതൊന്നിന്നും യാചിയ്ക്കരുത്; എങ്കിലും അവൾ തരുന്നത് സ്വീകരിയ്ക്കുകയും അത് എന്താവശ്യങ്ങൾക്കുവേണ്ടി നൽകപ്പെട്ടുവോ അവയ്ക്കായിമാത്രം വിനിയോഗിയ്ക്കുകയും ചെയ്യുക. കേവലം നിസ്സ്വാത്ഥനായി, ഏററവും അവധാനിയായി, നിഷ്ഠാവാനായി, എല്ലാ വകുപ്പുകളിലും ശ്രദ്ധ പതിപ്പിച്ചവനായി നല്ല ഒരു രക്ഷാധികാരിയായി വത്തിയ്ക്കുക; നിങ്ങൾ കൈകാര്യം നടത്തുന്നത് അമ്മയുടെ വസ്തുക്കൾകൊണ്ടാണെന്നും, അവ നിങ്ങളുടെ സ്വന്തമല്ലെന്നും എല്ലായ്പോഴും കരുതുക. നേരേമറിച്ച് അവളുടെ പേരിൽ നിങ്ങൾ സ്വീകരിയ്ക്കുന്നതു ഭക്തിശ്രദ്ധകളോടുകൂടി അവൾക്ക് അടിയറ വെയ്ക്കുക; നിങ്ങളുടെ സ്വന്തമോ മററു വല്ലവരുടേയുമോ ആവശ്യത്തിന്നായി യാതൊന്നിനേയും വ്യഭിചരിപ്പിയ്ക്കൊല്ല.

സമ്പത്തിനെമാത്രം പ്രമാണിച്ച് മനുഷ്യരെ ഉയൎന്നവരായിക്കാണുകയോ, ആഡംബരത്തിന്നും, പ്രാപ്തിക്കും, വശിത്വത്തിന്നും, നിങ്ങളെ മയക്കുവാൻ സൌകൎയ്യം നല്കുകയോ ചെയ്യരുത്. നിങ്ങൾ മാതാവിന്നുവേണ്ടി അൎത്ഥിക്കുമ്പോൾ തനിക്കവകാശപ്പെട്ടതിൻെറ വളരെച്ചെറിയ ഒരംശത്തിന്നുവേണ്ടി നിങ്ങൾമുഖേന അവളാണ് ആവശ്യപ്പെടുന്നതെന്നും, നിങ്ങൾ ആരോടു യാചിച്ചുവോ അയാളുടെ ദാനത്താലാണ് അയാൾ മതിക്കപ്പെടുന്നതെന്നുമുള്ള ബോധം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്.

സന്ന്യാസപരമായ നിവൎത്തനമില്ലാതെ പണക്കറ പററാത്തവനാണ് നിങ്ങളെങ്കിൽ, ദൈവികകാൎയ്യങ്ങൾക്കായി ധനവിനിയമനം ചെയ്യാൻ നിങ്ങൾക്ക് കൂടുതൽ കെല്പുണ്ടായിരിക്കും. മനസ്സമത, നിരപേക്ഷത, ദിവ്യശക്തിക്കായും തൽകാൎയ്യത്തിന്നായും നിങ്ങൾക്കുള്ളതും കിട്ടുന്നതുമായ മുഴുവൻേറയും, നിങ്ങളുടെ സൎവ്വസമ്പാദകശക്തിയുടേയും സമൎപ്പണം—ഇവയാണ് ഈ സ്വാതന്ത്ര്യത്തിൻെറ ലക്ഷണങ്ങൾ. ധനത്തേയും തദുപയോഗത്തേയും സംബന്ധിച്ച മനസ്സിന്നുണ്ടാകുന്ന വൈക്ലബ്യം, അവകാശവാദം, ദാനവൈമുഖ്യം—ഇതെല്ലാം

എന്തോ ഒരപൂൎണ്ണതയുടേയോ, ബന്ധത്തിൻേറ യോ പിഴക്കാത്ത അടയാളമാണ്.

ദരിദ്രജീവിതം നയിക്കേണ്ടിവന്നാൽ ഇല്ലായ്മയെക്കുറിച്ചുള്ള ബോധം സ്പൎശിക്കാതേയും, ദിവ്യചൈതന്യത്തിൻെറ പൂൎണ്ണമായ ആന്തരവിലാസത്തിന്ന് അതു ബാധകമാകാതേയും ജീവിക്കുവാൻ കഴിയുന്നവനാണ് ഇത്തരത്തിൽപ്പെട്ട ഒരു മാതൃകാസാധകൻ. സമൃദ്ധജീവിതം നയിക്കുവാനാണ് വിധിയെങ്കിൽ, ഒരു നിമിഷനേരത്തേക്കെങ്കിലും ധനത്തേയോ ഉപയോഗ്യവസ്തുക്കളേയോകുറിച്ചുള്ള കാമത്തിലോ സംഗത്തിലോ, ഭോഗലോലുപമായ അടിമത്തത്തിലോ, ധനാഢ്യത്വം വരുത്തിക്കൂട്ടുന്ന ശീലങ്ങളുടെ ദൗർബലദാസ്യത്തിലോ ചെന്നുചാടാതെ ജീവിപ്പാനും ആയാൾക്ക് കഴിയും. ദൈവാജ്ഞയും ദിവ്യാനന്ദവുമാണ് അവൻെറ സർവസ്വം.

വിജ്ഞാനസൃഷ്ടിയിൽ ധനപ്രഭാവം ദിവ്യശക്തിക്കു വീണ്ടെടുത്തുകൊടുക്കേണ്ടതും തൻെറ സൃഷ്ടിപരമായ ദൎശനത്തിൽ ദിവ്യമാതാവ് സ്വയമേവ നിൎണ്ണയിക്കുംപ്രകാരം ദിവ്യമാക്കപ്പെട്ട പ്രാണപരവും ഭൌതികവുമായ ഒരു നവ്യ

ജീവിതത്തിൻെറ യഥാൎത്ഥവും സുന്ദരവും സു
സ്വരമധുരവുമായ സംവിധാനത്തിന്നും വിനി
യമനത്തിന്നുംവേണ്ടി ഉപയോഗിക്കേണ്ടതുമാ
ണ്. എന്നാൽ, ഒന്നാമതായി അവരുംകൂടിവേ
ണ്ടി അതിനെ അധീനമാക്കണം. തങ്ങളുടെ
സ്വഭാവത്തിൻെറ ഈ വിഭാഗത്തെസ്സംബന്ധി
ച്ച് ശക്തിയും വിശാലതയുമുള്ളവരും, അഹ
ങ്കാരവിമുക്തന്മാരും, യാതൊരു സ്വാവകാശ
ബോധമോ കലവറയോ സന്ദേഹമോ ഇല്ലാ
തെ ആത്മദാനം ചെയ്യുവരും ആരോ, അവരാ
യിരിക്കും ഈ ജൈത്രസമാരംഭത്തിന്ന് ഏററ
വും കെല്പുള്ളവർ; അവരായിരിക്കും പരാൽ
പരപ്രഭാവപ്രവാഹത്തിൻെറ നിൎമ്മലങ്ങളും ശ
ക്തിസംപൂൎണ്ണങ്ങളുമായ സരണികൾ.

## V

**ദൈ**വികകാര്യങ്ങളുടെ ഒരു യഥാൎത്ഥ നിൎവ്വാഹകനാകണമെന്നു് നിങ്ങൾ ആഗ്രഹിയ്ക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ പ്രഥമലക്ഷ്യം സമസ്തകാമങ്ങളിൽനിന്നും ആത്മപ്രതിദൎശകമായ അഹംബുദ്ധിയിൽനിന്നും നിശ്ശേഷം നിർമുക്തനാകുക എന്നതായിരിയ്ക്കണം. നിങ്ങളുടെ മുഴുവൻ ജീവിതവും പരാൽപരന്നു് ഒരു ദാനവും യജ്ഞവുമായിരിയ്ക്കണം; കൎമ്മാപേക്ഷിതമായ നിങ്ങളുടെ ഏകോദ്ദേശ്യം പരാശക്തിയെ പരിചരിയ്ക്കുവാനും പ്രതിഗ്രഹിയ്ക്കുവാനും ചരിതാൎത്ഥമാക്കുവാനും തൽകാര്യങ്ങളിൽ അവളുടെ ഒരു പ്രത്യക്ഷോപകരണമായിത്തീരുവാനും മാത്രമായിരിയ്ക്കുകയുംവേണം. നിങ്ങളുടേയും അവളുടേയും ആന്തരവ്യവസായങ്ങൾ തമ്മിൽ വ്യത്യാസമില്ലാതായിത്തീരുവോളം, അവളുടെ പ്രചോദനമല്ലാതെ നിങ്ങളിൽ പരപ്രേരണയില്ലാതാകുവോളം, നിങ്ങളിലും നിങ്ങളിലൂടേയുമുള്ള അവളുടെ ഉദ്‌ബുദ്ധകൎമ്മകമല്ലാതെ

മററു കമ്മം യാതൊന്നും നിങ്ങഠംക്കില്ലാതായി ത്തീരുവോളം, നിങ്ങഠം ദൈവികചൈതന്യ ത്തിൽത്തന്നെ വളരേണ്ടതാണ്.

നിങ്ങഠം സംപൂണ്ണവും ചൈതന്യാത്മകവു മായ ഒരു സായൂജ്യത്തിന്നു സമത്ഥനാകുന്നതു വരെ, അവളുടെ പരിചര്യയ്ക്കുവേണ്ടി സൃഷ്ടിയ്ക്ക പ്പെട്ട ഒരു ദേഹിയും ദേഹവുമായി—എല്ലാം തദപ്പണമായി ചെയ്യുന്ന ഒരുവനായി—വേ ണം തന്നെത്താൻ കരുതുക. വ്യത്യസ്തകർത്തൃ ബോധം നിങ്ങളിൽ പ്രബലമായിരിയ്ക്കുകയും, കമ്മം ചെയ്യുന്നതു നിങ്ങളാണെന്ന് നിങ്ങഠംക്ക തോന്നുകയും ചെയ്യുന്നുവെങ്കിൽക്കൂടി, അവഠം ക്കപ്പണമായിത്തന്നെയാണ് കമ്മം ചെയ്യപ്പെ ടേണ്ടത്. അഹങ്കാരപരമായ വിവേചനബു ദ്ധിയുടെ എല്ലാ പ്രേരണയും, എല്ലാ സ്വാത്ഥ ലോഭവും, ആത്മസംഭാവനം ചെയ്യുന്ന കാമ ത്തിൻെറ എല്ലാ പ്രാങ്നിബന്ധനയും, നി ങ്ങളുടെ സ്വഭാവത്തിൽനിന്ന് ഉന്മൂലനം ചെ യ്യപ്പെടണം, ഫലാപേക്ഷയോ പ്രതിഫലാ ന്വേഷണമോ ഉണ്ടായിരിയ്ക്കരുത്; നിങ്ങഠം ക്കുള്ള ഏകഫലം ദിവ്യമാതാവിൻെറ പ്രസാ ദവും, തൽകാര്യനിവ്വഹണവും, നിങ്ങഠം കാ ങ്ക്ഷിയ്ക്കുന്ന ഏകപ്രതിഫലം ദൈവബോ

ധത്തിലും ശാന്തിയിലും ശക്തിയിലും ആന ന്ദത്തിലുമുള്ള നിരന്തരമായ പുരോഗമനവുംമാത്രമായിരിയ്ക്കണം. പരിചരണത്തിലുള്ള ഔത്സുക്യവും, കർമ്മജന്യമായ ആത്മീയസമുദ്ധരണത്തിലുള്ള സന്തുഷ്ടിയുമത്രേ, നിർമ്മമനായ കർമ്മിയ്ക്കു മതിയായ പ്രതിഫലം.

എന്നാൽ നിങ്ങഠം യന്ത്രമാണെന്നും യന്ത്രിയല്ലെന്നും അധികമധികം നിങ്ങഠംക്കനുഭവപ്പെടുന്ന ഒരു കാലം സമാഗതമാവും. എല്ലാ സമയങ്ങളിലും ദിവ്യമാതാവിൻെറ അപ്പപ്പോഴുള്ള മാർഗ്ഗനിർദ്ദേശവും അവളുടെ നേരിട്ടുള്ള ആജ്ഞയും, അഥവാ പ്രേരണയും—കർത്തവ്യത്തേയും അതിൻെറ നിവൃത്തിമാർഗ്ഗത്തേയും ഫലത്തേയും കുറിച്ചുള്ള നിശ്ചിത സൂചനയും—ലഭിയ്ക്കുവാനായി എല്ലാ കാര്യങ്ങളും ഏകാഗ്രതയോടുകൂടി അവളുടെ കൈകളിൽ സമർപ്പിച്ചാൽമാത്രം മതിയാകുന്ന വിധത്തിൽ, ആദ്യമായി, നിങ്ങളുടെ ഭക്തിബലത്താൽ ദിവ്യമാതാവുമായുള്ള നിങ്ങളുടെ ഐക്യം അത്രമേൽ ഗാഢമായിത്തീരുന്നതാണ്. പിന്നീട്, ആ ദിവ്യശക്തി നിങ്ങളുടെ കർമ്മങ്ങളെ ആന്തരമായി പ്രേരിപ്പിയ്ക്കുകയും നയിയ്ക്കുകയുംമാത്രമല്ല, അവയെ സമാരംഭിയ്ക്കുകയും നിവർത്തിയ്ക്കു

കയും ചെയ്യുന്നുണ്ടെന്നുകൂടി നിങ്ങരംക്കനുഭവപ്പെടുന്നതാണ്. നിങ്ങളുടെ എല്ലാ ചേഷ്ടകളും അവളാൽ സഞ്ജാതങ്ങളാവുന്നു; നിങ്ങളുടെ സവ്വശക്തികളും അവളുടേതായിത്തീരുന്നു; മനസ്സും ജീവനും ദേഹവും അവളുടെ പ്രവത്തനത്തിൻെറ ബോധവത്തുക്കളും ആനന്ദമയങ്ങളുമായ ഉപകരണങ്ങരം—അവളുടെ ലീലാസാമഗ്രികരം—സ്ഥൂലപ്രപഞ്ചത്തിൽ അവളുടെ ആത്മവിഭൂതികളുടെ ആകാരങ്ങരം—ആയിത്തീരുന്നു. ഈ യോഗോപാശ്രയങ്ങളെക്കാരം സന്തോഷമയമായ ഒരവസ്ഥയുണ്ടാകുവാൻ തരമില്ല; എന്തുകൊണ്ടെന്നാൽ, അജ്ഞാനത്തിൽ ഞെരുങ്ങിയും വേദനാപൂണ്ണമായും നയിക്കപ്പെടുന്ന ഒരു ജീവിതത്തിൽനിന്ന്, നിങ്ങളെ പിന്നോക്കം ആകഷിച്ച്, അതിൻെറ പരിധി കടത്തി, നിങ്ങളുടെ ആധ്യാത്മികസത്തയുടെ പാരമാത്ഥ്യത്തിലേക്കും അഗാധശാന്തിയിലേക്കും ആത്യന്തികാനന്ദത്തിലേക്കും ഈ പദം നിങ്ങളെ ആവഹിച്ചുകൊണ്ടുപോകുന്നു.

ഈ രൂപാന്തരം നടന്നുകൊണ്ടിരിക്കെ അഹംകാരപരമായ പൈശുന്യങ്ങളുടെ കററ പററിപ്പോകാതിരിക്കുവാൻ നിങ്ങരം പൂവ്വാധികം സൂക്ഷിക്കുക അത്യാവശ്യമാണ്. ആത്മ

ദാനത്തിൻേറയും ത്യാഗത്തിൻേറയും സംശു ദ്ധിയെ കളങ്കപ്പെടുത്തുവാൻ തക്കവണ്ണം യാതൊരപേക്ഷയോ നിഷ്കർഷയോ ഉള്ളിലേയ്ക്കു് ഇഴഞ്ഞുകയറാതിരിയ്ക്കട്ടെ. കർമ്മത്തിലോ ഫലത്തിലോ ആസക്തിയോ, നിർബ്ബന്ധോപാധികളോ, നിങ്ങറം യാതൊരു ശക്തിയ്ക്കു വിധേയരായിത്തീരേണമോ, ആ ശക്തിയെ നിങ്ങറംക്കു വിധേയമാക്കിത്തീർക്കുവാനുള്ള അഹന്താവാദമോ, കൈങ്കര്യഡംഭമോ, മിഥ്യാഭിമാനമോ, ഔദ്ധത്യമോ, ഒന്നുംതന്നെ നിങ്ങളിൽ കുടികൊള്ളുവാൻ പാടുള്ളതല്ല. നിങ്ങളിലൂടെ പ്രവർത്തിയ്ക്കുന്ന ശക്തികളുടെ മാഹാത്മ്യത്തെ സ്വാർത്ഥപരമായി വ്യഭിചരിപ്പിയ്ക്കുവാനോ, വ്യക്തിപരവും പ്രത്യേകവുമായ തൃഷ്ണാശാന്തിയ്ക്കു വേണ്ടി അതിനെ ബലാൽ സ്വാധീനപ്പെടുത്തുവാനോ, നിങ്ങളുടെ മനസ്സിലോ പ്രാണശരീര വിഭാഗങ്ങളിലോ ഉള്ള യാതൊന്നിനേയും അനുവദിച്ചുപോകരുത്. നിങ്ങളുടെ ശ്രദ്ധയും നിങ്ങളുടെ ആന്തരനൈർമ്മല്യവും നിങ്ങളുടെ ആത്മരക്ഷതാശുദ്ധിയും നിരുപാധികവും, നിങ്ങളുടെ സത്തയുടെ എല്ലാ പതനങ്ങളേയും പടലങ്ങളേയും അപേക്ഷിച്ചു സർവ്വഗതവുമായിത്തീരട്ടെ; അപ്പോറം എല്ലാ അസ്വാസ്ഥ്യങ്ങളും

വക്രപ്രേരണകളും നിങ്ങളുടെ സ്വഭാവത്തിൽ നിന്നു ഉൽക്കർഷക്രമേണ വേർപെട്ടുപോയ്ക്കൊള്ളും.

നിങ്ങൾ ദിവ്യമാതാവുമായി തികച്ചും സായൂജ്യം പ്രാപിക്കുകയും, തദനന്തരം, നിങ്ങൾ തദ്ഭിന്നനായ ഒരു വ്യക്തിയോ ഉപകരണമോ കിങ്കരനോ കർമ്മിയോ അല്ലെന്നും, നേരേമറിച്ച് അവളുടെ ചൈതന്യത്തിൻേറയും ശക്തിയുടേയും യഥാർത്ഥസന്താനവും അനശ്വരാംശവുമാണെന്നും നിങ്ങൾക്കനുഭവപ്പെടുകയും ചെയ്യുമ്പോളാണ് ഈ സംപൂർണ്ണതയുടെ അന്തിമഘട്ടം സംപ്രാപ്തമാവുന്നത്. എപ്പോഴും അവൾ നിങ്ങളിലും നിങ്ങൾ അവളിലുമായിരിക്കും; നിങ്ങളുടെ എല്ലാ വിചാരവും ദർശനവും പ്രവൃത്തിയും—നിങ്ങളുടെ ശ്വാസോച്ഛ്വാസങ്ങളും ചേഷ്ടകളുംകൂടി—അവളിൽനിന്നുത്ഭവിക്കുന്നവയും അവളുടേതുമാണെന്നുള്ളതു നിങ്ങളുടെ നിരന്തരവും നിഷ്പ്രയാസവും നൈസർഗ്ഗികവുമായ അനുഭവമായിത്തീരും. ലീലാർത്ഥം അവളിൽനിന്നു മാററിനിർത്തപ്പെട്ടവനാണെങ്കിലും, അവളിൽ താൻ സദാ സുരക്ഷിതനാണെന്ന ബോധത്തോടുകൂടിയവനും, തത്സത്താസദ്ഭൂതനും, തച്ചേതനാചേതനനും, തച്ഛക്ത്യംശനും,

തച്ചിദാനന്ദാംശനമായി, അവളിൽനിന്നു് അവളാൽത്തന്നെ സൃഷ്ടനായ ഒരു വ്യക്തിയും ശക്തിയുമാണു് നിങ്ങളെന്നു നിങ്ങൾ അറിയുകയും കാണുകയും അനുഭവിക്കുകയും ചെയ്യും. ഈ സ്ഥിതി പരിപൂൎണ്ണമാകുകയും, അവളുടെ വിജ്ഞാനശക്തികൾ നിങ്ങളിൽ നിൎബ്ബാധം പ്രവൎത്തിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾ ദിവ്യകൎമ്മങ്ങളിൽ സുകുശലനായിത്തീരുന്നു; വിജ്ഞാനം, ഭാവന, പ്രവൎത്തനം—ഇവ സുദൃഢങ്ങളായും, സുഗമങ്ങളായും, പ്രകാശകങ്ങളായും, അയത്നസിദ്ധങ്ങളായും, നിൎദ്ദോഷങ്ങളായും, പരാൽപ്പരങ്കൽനിന്നുള്ള ഒരു ബഹിർഝര[illegible]ായും, ശാശ്വതന്റെ ഒരു ദിവ്യസംസ്ഫുരണമായും ഭവിക്കുകയും ചെയ്യുന്നു.

# VI

ശ്രീമാതാവിന്റെ ശക്തിചതുഷ്ടയം അവളുടെ സർവ്വോപരി പ്രധാനമായ മൂർത്തിചതുഷ്ടയമാകുന്നു; അവളുടെ ദിവ്യത്വത്തിന്റെ അംശങ്ങളും മൂർത്തിമദ്ഭാവങ്ങളുമാണവ; അവയിലൂടെ അവ[illegible] ആത്മസൃഷ്ടികളായ ജീവരാശികളെ [illegible]ികരിച്ചു പ്രവർത്തിപ്പിക്കുകയും, നാനാലോകത്തിലുള്ള തന്റെ സൃഷ്ടികളെ നിയമനം ചെയ്യുകയും സംയോജിപ്പിക്കുകയും, പരസ്സഹസ്രമായ സ്വകീയശക്തികളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു. അംബിക അദ്വയതന്നെയെങ്കിലും, വിഭിന്നങ്ങളായ ആകാരവിശേഷങ്ങളോടുകൂടിയാണ് അവൾ നമ്മുടെ മുമ്പാകെ ആവിർഭവിക്കുന്നത്; അവളുടെ ശക്തികളും മൂർത്തിഭേദങ്ങളും അനേകങ്ങളത്രേ; അനേകങ്ങൾതന്നെയാണ്, പ്രപഞ്ചത്തിൽ അവളുടെ കാര്യങ്ങൾ നിർവ്വഹിക്കുന്ന തേജോനിർഗ്ഗമനങ്ങളും വിഭൂതികളും. നാം അംബികാഭാവത്തിൽ ആരാധിക്കുന്ന ആ അദ്വയ,

സർവ്വസദ്ഭാവത്തിന്നും അധീശ്വരിയായും, കേവലയെങ്കിലും, ഏററവും വേഗവത്തായ ചിത്തത്തിന്നും, ഏററവും നിർമ്മുക്തവും അപാരവുമായ ബുദ്ധിയ്ക്കും തൻെറ പ്രവർത്തനത്തെ അനുവർത്തിയ്ക്കുവാനാകാത്ത വിധത്തിൽ ബഹുരൂപിണിയായുമിരിയ്ക്കുന്ന ദിവ്യചിച്ഛക്തിയാണ്. അമ്മ പരാൽപരൻെറ ചൈതന്യവും ശക്തിയുമാണ്; അവരം ആത്മസൃഷ്ടങ്ങളിൽ നിന്ന് എത്രയോ മേലേസ്ഥിതിചെയ്യുന്നു. എങ്കിലും അവളുടെ മൂർത്തിത്വങ്ങളിലൂടേയും, കുറേക്കൂടി വിശദങ്ങളും പരിമിതങ്ങളുമാകയാൽ കുറച്ചധികം ഗ്രാഹ്യങ്ങളും, തൻെറ സൃഷ്ടികളുടെ മുമ്പാകെ പ്രത്യക്ഷങ്ങളാകുവാൻ തന്നാൽ അനുവദിയ്ക്കപ്പെട്ടവയുമായ ദേവീസ്വരൂപങ്ങളുടെ സ്വഭാവത്തിലൂടേയും പ്രവൃത്തികളിലൂടേയും അവളുടെ പന്ഥാവുകളുടെ ഒരേകദേശത്വം കാണ്മാനും അനുഭവിയ്ക്കുവാനും സാധിയ്ക്കാവുന്നതാണ്.

നമ്മേയും ബ്രഹ്മാണ്ഡത്തേയും സന്ധാരണം ചെയ്യുന്ന ആ ചിച്ഛക്തിയുമായി നിങ്ങരം ഐക്യസ്പർശം പ്രാപിയ്ക്കുമ്പോരം, നിങ്ങരംക്കനുഭവപ്പെടുന്ന മാതാവിൻെറ സത്താപദ്ധതികരം മൂന്നാകുന്നു. സകലാതീതയായി, ആദിപരാ

ശക്തിയായി, സൃഷ്ടിയെ പരാൽപരൻെറ സത്താവ്യക്തരഹസ്യവുമായി സംഘടിപ്പിച്ചുകൊണ്ട് അവഠ അഖിലഭുവനങ്ങളുടേയും മീതേ പരിലസിയ്ക്കുന്നു. സവ്വമയിയായി, ജഗദധീശ്വരിയായ മഹാശക്തിയായി, അവഠ ഈ ജീവരാശികളേയെല്ലാം സൃഷ്ടിയ്ക്കുകയും, ഈ ലക്ഷോപലക്ഷം പ്രവൃത്തികളേയും ശക്തികളേയും തന്നിൽ സങ്ഗ്രഹിയ്ക്കുകയും, അവയിൽ പ്രവേശിയ്ക്കുകയും, അവയെ സന്ധരിയ്ക്കുകയും നയിയ്ക്കുകയും ചെയ്യുന്നു. അവഠ വ്യക്തിസ്വരൂപിണിയായി, സ്വകീയഭാവത്തിൻെറ ഈ രണ്ടു വിശാലസരണികളുടെ പ്രഭാവത്തെ മൂർത്തിമൽകരിയ്ക്കുകയും, നമ്മെസ്സംബന്ധിച്ചിടത്തോളം, അവയെ സജീവവും അന്തികസ്ഥവുമാക്കി, മനുഷ്യവ്യക്തിത്വത്തിന്നും ദിവ്യപ്രകൃതിയ്ക്കും ഇടയിൽ മാധ്യസ്ഥ്യം വഹിയ്ക്കുകയും ചെയ്യുന്നു.

ആദ്യയും അഖിലാതീതയുമായ ആ ഏകശക്തി—മാതാവ്—സമസ്തഭുവനോപരിസ്ഥയായി തൻെറ നിത്യചൈതന്യത്തിൽ പരമേശ്വരനെ ആവഹിയ്ക്കുന്നു. അവഠ കേവലയായി, ആ പരമപ്രഭാവത്തേയും അപ്രമേയസാന്നിധ്യത്തേയും ആവസിപ്പിയ്ക്കുന്നു; അവഠ

പ്രകാശിതങ്ങളാക്കേണ്ടുന്ന സത്യങ്ങളെ ഉൾക്കൊള്ളുകയോ വിളിച്ചുവരുത്തുകയോ ചെയ്യിട്ട്, അവയെ സമാവരണം ചെയ്യിരുന്ന അവിജ്ഞേയത്വത്തിൽനിന്നു തൻെറ അനന്തപ്രജ്ഞയുടെ പ്രകാശത്തിലേയ്ക്ക് ആനയിയ്ക്കുകയും, തൻെറ സർവ്വശക്തമായ പ്രഭാവത്തിലും നിസ്സീമജീവിതത്തിലും അവയ്ക്ക് ഒരു ശക്തിസ്വരൂപവും, ഈ പ്രപഞ്ചത്തിൽ ഒരു ശരീരവും നല്കുകയും ചെയ്യുന്നു. അവളിലൂടെ, ലോകങ്ങളിൽ ഈശ്വരശക്തിയുടെ അദ്വൈത—ദ്വൈതചൈതന്യമായും, പുരുഷ—പ്രകൃതി എന്ന ഉഭയാത്മകതത്ത്വമായും പ്രകാശിതനായും; അവളാൽ, ഭുവനങ്ങളിലും മണ്ഡലങ്ങളിലും ദേവന്മാരിലും തച്ഛക്തികളിലും മൂർത്തിമാനായും; അവൾഹേതുവായിട്ടു, ജ്ഞാതങ്ങളും അജ്ഞാതങ്ങളുമായ ലോകങ്ങളിലുള്ളതെല്ലാമായി രൂപവൽകൃതനായും, പരാൽപരൻ അഖണ്ഡസച്ചിദാനന്ദനായി അവളിൽ എന്നെന്നും പ്രകാശിയ്ക്കുന്നു. എല്ലാം പരാൽപരനുമായുള്ള. അവളുടെ ലീലയത്രേ; എല്ലാം ശാശ്വതൻേറ രഹസ്യങ്ങളുടെ—അനന്തൻെറ മഹാത്ഭുതങ്ങളുടെ—അവൾനിമിത്തമായ പ്രകാശനമത്രേ. എല്ലാം അവൾതന്നെ; കാരണം, എല്ലാം ഐശ്വരചിച്ഛക്തിയുടെ

അംശങ്ങളും ഭാഗങ്ങളുമാകുന്നു. ഇഹത്തിലാകട്ടേ പരത്തിലാകട്ടേ, അവരം നിർണ്ണയിക്കുകയും പരാൽപരൻ അനുവദിക്കുകയും ചെയ്യുന്നതൊഴിച്ച് യാതൊന്നും സംഭവിക്കാവുന്നതല്ല; അവരം പരാൽപരനാൽ പ്രേരിതയായി ദർശിക്കുകയും, സൃഷ്ടിപരമായ തൻെറ ആനന്ദത്തിൽ ബീജരൂപമാക്കുകയും ചെയ്യുന്നതല്ലാതെ മററു യാതൊന്നും രൂപവത്തായിത്തീരാവുന്നതുമല്ല.

ജഗദംബികയായ മഹാശക്തി തൻെറ സർവ്വാതീതമായ ചൈതന്യത്തിലൂടെ പരാൽപരങ്കൽനിന്നു സംപ്രേഷിതമായ സർവ്വവും നിർവ്വഹിക്കുകയും, സ്വസൃഷ്ടങ്ങളായ ലോകങ്ങളിൽ പ്രവേശിക്കുകയും ചെയ്യുന്നു; അവളുടെ സാന്നിദ്ധ്യം ലോകങ്ങളുടെ സംസ്ഥിതിക്ക് അത്യന്താപേക്ഷിതങ്ങളായ ദിവ്യചൈതന്യത്താലും, ദിവ്യമായ സകലാധാരശക്തിയാലും, ആനന്ദത്താലും അവയെ സംപൂരിതമാക്കുകയും ആധരിക്കുകയും ചെയ്യുന്നു. നാം പ്രകൃതിയെന്നു വിളിച്ചുവരുന്നത് അവളുടെ ഏററവും ബാഹ്യമായ പ്രവർത്തകഭാഗത്തെയാകുന്നു. അവരം സ്വകീയശക്തികളുടേയും പ്രവർത്തനങ്ങളുടേയും സംലയത്തെ വിനിയമനം ചെയ്തു ക്രമപ്പെടുത്തുകയും, പ്രകൃതിയുടെ പ്രവൃത്തികരംക

പ്രചോദനമായിത്തീരുകയും, കാണപ്പെടാവുന്നതും അനുഭവിക്കപ്പെടാവുന്നതും ജീവസ്സരിതങ്ങളാകുവാൻ കഴിയുന്നതുമായ എല്ലാററിലും പ്രത്യക്ഷയായോ പരോക്ഷയായോ ചരിക്കുകയും ചെയ്യുന്നു. പ്രപഞ്ചങ്ങളിലോരോന്നും തത്തദ്ഭുവനമണ്ഡലത്തിലെ മഹാശക്തിയുടെ ലീലാവിധങ്ങളിലൊന്നല്ലാതെ മറെറാന്നുമല്ല; അവളവിടെ സകലാതീതയായ മാതാവിൻെറ ജഗദ്രൂപമായ ആത്മാവും മൂത്തിയുമായി സ്ഥിതിചെയ്യുന്നു. അവരം ലോകങ്ങളോരോന്നും തൻെറ സങ്കല്പത്തിൽ ദശിച്ചു, ശക്തിസൌന്ദൎയ്യമയമായ ആത്മഹൃദയത്തിൽ സംഭരിച്ചു സ്വകീയാനന്ദത്തിൽ സൃഷ്ടിച്ചിട്ടുള്ളതുമാകുന്നു.

എന്നാൽ അവളുടെ സൃഷ്ടിക്കു് അനേകം പതനങ്ങളുണ്ടു്—ദിവ്യശക്തിയുടെ അനേകം പടവുകരം. നാം ഒരു ഘടകമായിട്ടുള്ള ഈ പ്രത്യക്ഷപ്രപഞ്ചത്തിൻെറ ഉപരിതലത്തിൽ അനന്തസത്തയും അവബോധവും ശക്തിയും ആനന്ദവുമടങ്ങിയ ലോകങ്ങളുണ്ടു്; അവക്കുപരിയായി, അംബിക അനാച്ഛാദിതയായ ശാശ്വതശക്തിയായി നില്ക്കുന്നു. അവിടെയുള്ള സമസ്തസത്വങ്ങളും അവാച്യമായ ഒരു പൂൎണ്ണിമയിലും അവികാരമായ ഏകതയിലും വൎത്തി

ക്കുകയും വ്യാപരിക്കുകയും ചെയ്യുന്നു; കാരണം, അവയെ അവർ എല്ലാപ്പോഴും സ്വാഹസ്തങ്ങളിൽ അപായം തട്ടാതെ സംവഹിക്കുന്നു. സംപൂർണ്ണവിജ്ഞാനസൃഷ്ടങ്ങളായ ലോകങ്ങൾ നമുക്കു കുറേക്കൂടി സമീപസ്ഥങ്ങളാണ്; അംബികയാണ് അവയിലെ വൈജ്ഞാനികമഹാശക്തി; ഒരിക്കലും പിഴയ്ക്കാത്ത അതിൻെറ കർമ്മങ്ങളിൽ സദാ സാക്ഷാത്തായും, ഓരോ പ്രവർത്തനത്തിലും സ്വഭാവേന സംപൂർണ്ണമായുമുള്ള ദിവ്യമായ സർവ്വജ്ഞസങ്കല്പത്തിൻേറയും സർവ്വശക്തമായ ജ്ഞാനത്തിൻെറയും പ്രഭാവം ഈ മഹാശക്തിതന്നെയാണ്. അവിടെയുള്ള പ്രസ്ഥാനങ്ങളെല്ലാം സത്യത്തിൻെറ പദവിന്യാസങ്ങളാണ്; അവിടെയുള്ള സമസ്തസത്വങ്ങളും ദിവ്യജ്യോതിസ്സിൻെറ ആത്മാക്കളും പ്രഭാവങ്ങളും ശരീരങ്ങളുമാണ്; അവിടെയുള്ള അനുഭവങ്ങളെല്ലാം സാന്ദ്രമായ പരമാനന്ദത്തിൻെറ പാരാവാരങ്ങളും പ്രവാഹങ്ങളും തരംഗങ്ങളുമാകുന്നു. പക്ഷേ, ഇവിടെ, നാം താമസിക്കുന്നിടത്ത്, അവിദ്യാലോകങ്ങൾ—ഉത്ഭവസ്ഥാനവുമായി പ്രജ്ഞാബന്ധം വേർപെട്ടുപോയ മനസ്സിൻേറയും ജീവൻേറയും ശരീരത്തിൻേറയും ലോക

ങ്ങരം—ആണുള്ളത്; ഈ ഭൂമി അവിദ്യാലോകങ്ങളുടെ സവിശേഷമായ ഒരു കേന്ദ്രവും, അതിൻെറ പരിണാമോൽകഷം സനിഷ്ഠഷ്മായ ഒരു പ്രവത്തനവുമാകുന്നു. ഇത്രയെല്ലാം തമസ്സും യാതനയും അപൂണ്ണതയുമടങ്ങിയ ഇതിനെക്കൂടി ജഗദംബികതന്നെയാണ് സന്ധാരണം ചെയ്യുന്നത്; അതിൻെറ നിഗൂഢലക്ഷ്യത്തിലേയ്ക്ക് ഇതിനെക്കൂടി പ്രേരിപ്പിയ്ക്കുകയും നയിയ്ക്കുകയും ചെയ്യുന്നത് ആ മഹാശക്തിയാകുന്നു.

അജ്ഞാനാത്മകമായ ഈ ത്രിവിധലോകത്തിൻെറ മഹാശക്തിയെന്ന നിലയിൽ അംബിക ഈ ലോകത്തിലേയ്ക്ക് അവതരിപ്പിയ്ക്കുന്നു വിജ്ഞാനജ്യോതിസ്സ്, സത്യജീവിതം, സത്യസൃഷ്ടി ഇവയുടേയും, ഒരിരട്ടക്കോണിപോലെ ഭൌതികത്വത്തിൻെറ ജ്ഞാനശൂന്യതയിലേയ്ക്കിറങ്ങി മാഞ്ഞു മറയുകയും, പ്രാണൻേറയും ആത്മാവിൻേറയും മനസ്സിൻേറയും പുഷ്ടിതാവസ്ഥയിലൂടെ പരമാത്മാവിൻെറ നിസ്സീമതയിലേയ്ക്കു വീണ്ടും കയറുകയും ചെയ്യുന്ന ചേതനാപതനങ്ങളുടെ ഈ ആരോഹാവരോഹശ്രേണിയുടേയും മധ്യേ നില്ക്കുന്നു. ഈ ബ്രഹ്മാണ്ഡത്തിലും ഭൌമമായ പരിണാമോൽകഷ

ത്തിലും സംഭവിക്കേണ്ടതെന്തെന്നു താൻ ദശി ക്കുന്നതും, തനിക്കു തോന്നുന്നതും തന്നിൽനിന്നു നിഗ്ഗളിപ്പിക്കുന്നതുംകൊണ്ടു നിണ്ണയിച്ച് അവ ളവിടെ ദേവന്മാക്കുപരിയായി നിലകൊള്ളു കയും; തൻെറ ശക്തികളേയും മൂത്തിഭേദങ്ങളേ യും കമ്മാത്ഥം തൻെറ മുമ്പിൽ ആവിഭ്വവിപ്പി ക്കുകയും; അവയുടെ തേജോനിഗ്ഗമങ്ങളെ ഈ അധോലോകങ്ങളിൽ കടന്നു പ്രവത്തിക്കുവാനും ഭരിപ്പാനും എതിർശക്തികളെ പടവെട്ടി ജയി പ്പാനും, ആ ലോകങ്ങളുടെ കാലചക്രങ്ങളെ നയിക്കുവാനും തിരിക്കുവാനും, തച്ഛക്തികളുടെ സാമൂഹ്യവും പ്രത്യേകവുമായ സരണികളെ നിയന്ത്രിപ്പാനുംവേണ്ടി നിയോഗിക്കുകയും ചെ യ്യുന്നു. ഈ തേജോനിഗ്ഗമങ്ങരം യുഗംതോറും ഭിന്നനാമങ്ങളിൽ മനുഷ്യരുടെ ആരാധനക്കു വിഷയങ്ങളായ ദിവ്യസ്വരൂപങ്ങളും മൂത്തിക ളുമാണ്. അവരം ഈശ്വരൻെറ വിഭൂതികരം കുവേണ്ടി മനശ്ശരീരങ്ങളെ എപ്രകാരം ഒരുക്കി വെക്കുന്നുവോ, അപ്രകാരംതന്നെ തൻെറ പ്രഭാ വത്തിൻേറയും ഗുണത്തിൻേറയും സാന്നിധ്യ ത്തിൻേറയും ഏതാനും രശ്മികരം ഭൌതിക ലോകത്തിലും, മാനുഷചേതനയുടെ പ്രച്ഛന്ന വേഷത്തിലൂടേയും പ്രകാശിപ്പിക്കുവാൻവേണ്ടി

ഈ ശക്തികളും തേജോനിർഗ്ഗമനങ്ങളും വഴിയായി ആത്മവിഭൂതികളുടെ മനോദേഹങ്ങളേയും ഒരുക്കിവെയ്ക്കുന്നു. ഭൂലീലയുടെ സകല രംഗങ്ങളും ജഗദ്ദേവന്മാരെ സഹായന്മാരാക്കിയും താൻ ഒരു പ്രച്ഛന്നനടിയായും, അവളാൽ സുകല്പിതവും സുവിന്യസ്തവും അഭിനീതവുമായ ഒരു നാടകമെന്നപോലെയാണ് ഉണ്ടായിട്ടുള്ളത്.

അംബിക മുകളിൽനിന്ന് എല്ലാററിനേയും ഭരിയ്ക്കുകമാത്രമല്ല, ഈ എളിയ ത്രിവിധപ്രപഞ്ചത്തിലേയ്ക്ക് അവതരിയ്ക്കുകകൂടി ചെയ്യുന്നു. വ്യക്തിത്വത്തെ അപേക്ഷിയ്ക്കാതെ, ഇവിടെയുള്ളതെല്ലാം,—അവിദ്യയുടെ വിജൃംഭണങ്ങരംപോലും,—പ്രച്ഛന്നശക്തിയായി പരിലസിയ്ക്കുന്ന അവരംതന്നെയാണ്; അവ ലഘുസത്തകളോടുകൂടിയ അവളുടെ സൃഷ്ടികളും, അവളുടെ പ്രകൃതി—ശരീരവും പ്രകൃതി—ശക്തിയും മാത്രമാണ്. അവ നിലനിന്നുപോരുന്നത് അനന്തതയിൽ അന്തർലീനങ്ങളായ എന്തോ ചില സാധ്യതകളെ നിർവ്വഹിയ്ക്കേണമെന്നുള്ള പരാത്പരൻെറ ഗഹനശാസനത്താൽ പ്രേരിതയായി അവരം ഒരു മഹാത്യാഗം അനുവദിയ്ക്കുകയും, അവിദ്യയുടെ ആത്മാവിനേയും രൂപ

ങ്ങളേയും ഒരു മുഖാവരണമെന്നപോലെ ധരി ക്കുകയും ചെയ്യുതുകൊണ്ടാകുന്നു. എന്നാൽ വ്യ ക്തിത്വത്തെ ധരിച്ചിട്ടുകൂടി, അതിനെ ജ്യോ തിസ്സിലേയ്ക്കു് ആനയിക്കുവാൻ തമസ്സിലും, സത്താക്കിത്തീർക്കുവാൻ അസത്തിലും അബദ്ധ ത്തിലും, ദിവ്യാമൃതമായി മാററുവാൻ ഈ മൃത്യു വിലും തൻെറ പരമാനന്ദത്തിൻെറ പരിവർത്ത കലഹരിയിൽ അവയെ സമാപ്തമാക്കുവാൻ ഈ സംസാരക്ലേശത്തിലും അതിൻെറ കർക്കശ ദുഃഖത്തിലും യാതനയിലും, ഇറങ്ങിവരുവാൻ അവരം സദയം ഒരുങ്ങിയിരിക്കുന്നു. സ്വസ ന്താനങ്ങളോടുള്ള തൻെറ മഹത്ത്വം അഗാധവു മായ വാത്സല്യത്താൽ ഈ അപ്രകാശത്തിൻെറ ആവരണം സ്വയമേവ ധരിപ്പാനും, തമസ്സി ൻേറയും അസത്യത്തിൻേറയും ശക്തികളുടെ ആക്രമങ്ങളേയും ദ്രോഹകരങ്ങളായ അധികാ രങ്ങളേയും സഹിപ്പാനും ഒരു മരണമാകുന്ന ജനനത്തിൻെറ കവാടങ്ങളിലൂടെ കടന്നുപോ കുവാനും, സംസൃതിയുടെ പീഡകളേയും ദുഃഖ ങ്ങളേയും യാതനകളേയും സ്വയമേവ ഏററെടു പ്പാനും, അവരം ദയാപൂർവ്വം അനുവദിച്ചിരിക്കു കയാണ്; അങ്ങിനെമാത്രമേ പ്രപഞ്ചത്തെ ജ്യോതിസ്സിലേയ്ക്കും സന്തോഷത്തിലേയ്ക്കും സ

ത്യത്തിലേയ്ക്കും ശശ്വജ്ജീവിതത്തിലേയ്ക്കും ഉയ ത്ത്രുവാൻ കഴിയ്ക്കു എന്നു കാണുകയാലാണിത്. ഇതാണ് പുരുഷയജ്ഞം എന്നു ചിലപ്പോരം വിളിയ്ക്കപ്പെടുന്നതും, കുറേക്കൂടി അഗാധമായി ആലോചിയ്ക്കുമ്പോരം, പ്രകൃതിയുടെ സവ്വസ്വാഹുതി, ദിവ്യാംബികയുടെ യജ്ഞം, എന്നു പറയപ്പെടാവുന്നതുമായ ആ മഹാപരിത്യാഗം.

അംബികയുടെ മഹത്തായ നാലു സ്വഭാവവിശേഷങ്ങരം—അവളുടെ പ്രധാനങ്ങളായ ശക്തികളിലും മൂത്തികളിലും നാലെണ്ണം—ബ്രഹ്മാണ്ഡത്തെസ്സംബന്ധിച്ചുള്ള അവളുടെ നിയന്ത്രണത്തിലും വിശ്വലീലയുമായുള്ള അവളുടെ ഇടപാടുകളിലും മുന്നണിയിൽ സ്ഥിതി ചെയ്യിട്ടുണ്ട്. പ്രശാന്തമായ വൈപുല്യത്തോടും, സങ്ഗ്രാഹകമായ ജ്ഞാനത്തോടും, അക്ഷോഭ്യമായ മംഗളദായകത്വത്തോടും, അക്ഷയ്യമായ അനുകമ്പയോടും, രാജകീയവും സവ്വാതിശായിയുമായ ഈശ്വരീത്വത്തോടും. സവ്വനിയാമകമായ മഹത്ത്വത്തോടും കൂടിയ അവളുടെ മൂത്തിത്വമാണ് ഒന്ന്. മററൊന്ന്, അവളുടെ ഊജ്ജസ്വലമായ ശക്തിയുടേയും അപ്രതിരോധ്യമായ വികാരത്തള്ളിച്ചയുടേയും പ്രഭാവത്തേയും, അവളുടെ യോദ്ധൃപ്രകൃതിയേ

യും എല്ലാററിനേയും ജയിക്കുന്ന ആജ്ഞാബല ത്തേയും, അവളുടെ ആകസ്മികവേഗത്തേയും, ബ്രഹ്മാണ്ഡത്തെ പ്രകമ്പിപ്പിക്കുന്ന ശക്തിയേ യും മൂത്തിമൽകരിക്കുന്നു.. മൂന്നാമത്തെ മൂത്തി വിശേഷമാകട്ടേ അംബികയുടെ സൌന്ദര്യ ത്തിൻേറയും മൃദുസുസ്വരതയുടേയും കോമളലയ ത്തിൻേറയും അഗാധരഹസ്യത്തോടും, വിചി ത്രതരവും അവാച്യവുമായ വിഭവസമൃദ്ധി യോടും, സവ്വവശീകരണക്ഷമമായ ആകഷ്ണ ത്തോടും മോഹനലാവണ്യത്തോടും കൂടിയവ ളായി പ്രകാശവതിയും, സുമധുരയും, അത്ഭുതാ വഹയുമായിരിക്കുന്നു. നാലാമത്തേത്, അവ ഗാഢമായ വിജ്ഞാനത്തിന്നും, സശ്രദ്ധവും അന്യൂനവുമായ കമ്മത്തിന്നും എല്ലാ കാര്യങ്ങ ളിലും പ്രശാന്തവും കൃത്യവുമായ സംപൂണ്ണതയ്ക്കു മുള്ള അവളുടെ ആന്തരവും അഗാധവുമായ ദൃഢ വൈഭവത്തോടുകൂടിയ സ്വഭാവവിശേഷമത്രേ. ജ്ഞാനം, ശക്തി, സുസ്വരത, സംപൂണ്ണത—ഇ വയാണ് അവരുടെ വിഭിന്നഗുണങ്ങരം; ഈ ശക്തികളെയാണ് അവർ ലോകത്തിലേയ്ക്കു് തങ്ങളുടെകൂടെ കൊണ്ടുവരുന്നതും മനുഷ്യാകാര ത്തിൻെറ പിന്നിൽ മറഞ്ഞുനില്ക്കുന്ന തങ്ങളുടെ വിഭൂതികളിൽ പ്രകാശിപ്പിക്കുന്നതും; തങ്ങ

ളുടെ ആധിഭൌതികപ്രകൃതിയെ അമ്മയുടെ നേരിട്ടുള്ളതും സജീവവുമായ ശക്തിയ്ക്കു പ്രവേശിപ്പാൻതക്കവണ്ണം വികസ്വരമാക്കുവാൻ കഴിയുന്നവരിൽ അവരുടെ ഉൽകഷ്ത്തിൻെറ ദിവ്യ പരിമാണരീതിയ്ക്കനുസരിച്ച് അവർ സുസ്ഥിരമാക്കുന്നതും ഇവയേയാണ്. ഈ ചതുഷ്ടയത്തിന്നു മഹേശ്വരി, മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി, എന്നിങ്ങിനെ നാലു മഹാഭിധാനങ്ങൾ നല്കപ്പെട്ടിരിയ്ക്കുന്നു.

രാജരാജേശ്വരിയായ മഹേശ്വരി സങ്കല്പത്തിന്നും ഭാവനയ്ക്കും മേലേയുള്ള വിസ്തൃതിയിൽ ഇരുന്നുകൊണ്ട് അവയെ ജ്ഞാനത്തിലേയ്ക്കും മഹത്വത്തിലേയ്ക്കും വിശുദ്ധീകരിച്ചുയൎത്തി വിപുലമാക്കുകയും, അവസ്ഥാതീതമായ ഒരു തേജസ്സിൽ അവയെ നിമഗ്നങ്ങളാക്കുകയും ചെയ്യുന്നു. വിജ്ഞാനത്തിൻെറ നിസ്സീമതയിലേയ്ക്കും, മായാപ്രപഞ്ചത്തിൻെറ അപരാതയിലേയ്ക്കും, പരാൽപരജ്യോതിസ്സിൻെറ മാഹാത്മ്യത്തിലേയ്ക്കും, അഭൌമജ്ഞാനത്തിൻെറ നിധിയറയിലേയ്ക്കും, മാതാവിൻെറ ശാശ്വതശക്തികളുടെ അപ്രമേയസ്ഫുരണങ്ങളിലേയ്ക്കും നമ്മെ തുറന്നുവിടുന്ന ശക്തിസ്വരൂപിണിയും ജ്ഞാനാത്മികയുമായ ഏകയാണവൾ. അവൾ അ

ക്ഷോഭ്യയും അത്ഭുതാവഹയുമത്രേ: നിത്യോൽകൃഷ്ടയും നിത്യശാന്തയും. യാതൊന്നിന്നും അവളിൽ ചാഞ്ചല്യമുണ്ടാക്കുക സാധ്യമല്ല; കാരണം സമസ്തജ്ഞാനവും അവളിൽ കുടികൊള്ളുന്നു. അവൾ അറിയുവാനിച്ഛിയ്ക്കുന്ന യാതൊന്നും അവളിൽനിന്നു മറയ്ക്കപ്പെടുന്നതുമില്ല; സർവ്വവസ്തുക്കളേയും സർവ്വസത്വങ്ങളേയും, അവയുടെ സ്വഭാവത്തേയും പ്രചോദനത്തേയും പ്രാപഞ്ചികനിയമത്തേയും, അതിൻെറ കാലങ്ങളേയും, എല്ലാററിൻേറയും ഭൂതഭവിഷ്യദ്വർത്തമാനഗതികളേയും, അവൾ ഗ്രഹിയ്ക്കുന്നു. എല്ലാററിനേയും നേരിടുകയും കീഴടക്കുകയും ചെയ്യുന്ന ഒരു ശക്തി അവളിലുണ്ട്; അവളുടെ അപാരവും അമേയവുമായ ജ്ഞാനത്തേയും, ഉൽകൃഷ്ടവും ശാന്തവുമായ പ്രഭാവത്തേയും പ്രതിരോധിച്ചു നില്ക്കുവാൻ ഒരാൾക്കും, കലാശത്തിൽ, കഴിയുകയില്ല. അവൾ സമയായി, ക്ഷമാശാലിനിയായി, അലംഘ്യശാസനയായി, മനുഷ്യരോട് അവരുടെ സ്വഭാവത്തിന്നനുസരിച്ചും, വസ്തുക്കളോടും സംഭവങ്ങളോടും അവയുടെ ശക്തിയ്ക്കും അവയിലുള്ള സത്യത്തിന്നും അനുരൂപമായും പെരുമാറുന്നു. അവളിൽ പക്ഷപാതത്തിൻെറ കണികപോലുമില്ല:

പക്ഷേ, അവറം പരാൽപരൻെറ വിധികളനു സരിച്ച ചിലരെ ഉയത്തുന്നു; ചിലരെ അധഃ പതിപ്പിയ്ക്കുകയോ, തന്നിൽനിന്നകററി അന്ധ കാരത്തിലേയ്ക്കു തള്ളുകയോ ചെയ്യുന്നു. ജ്ഞാ നികറംക്കു കുറേക്കൂടി വിപുലവും പ്രകാശവ ത്തുമായ ജ്ഞാനത്തെ പ്രദാനം ചെയ്യുന്നു; ഉറം ക്കണ്ണു തെളിഞ്ഞവരെ സ്വകീയാലോചനക ളിൽ പങ്കുകൊള്ളുവാൻ അനുവദിയ്ക്കുന്നു; വിരു ദ്ധമതികളുടെ മേൽ അവരുടെ മതിവൈരുധ്യ ത്തിൻെറ വിപാകത്തെ ചുമത്തുന്നു; അജ്ഞ ന്മാരേയും മൂഢന്മാരേയും അവരുടെ അന്ധതയ്ക്കു നുസരിച്ച നടത്തുന്നു. ഓരോ മനുഷ്യനിലും അവൻെറ സ്വഭാവത്തിൻെറ നാനാഘടകങ്ങളെ അവയുടെ ആവശ്യത്തിന്നും പ്രേരണയ്ക്കും അവ യഹ്റിയ്ക്കുന്ന പ്രതിഗ്രഹത്തിന്നും അനുസരിച്ച പരിഗ്രഹിച്ച നിയന്ത്രിയ്ക്കുകയും, അവയെ വേ ണ്ടവിധം പ്രേരിപ്പിയ്ക്കുകയും, അല്ലെങ്കിൽ അ വിദ്യയുടെ പദ്ധതികളിൽ വദ്ധിയ്ക്കുവാനോ നശിയ്ക്കുവാനോ ഉള്ള അവയുടെ ഇഷ്ടസ്വാത ന്ത്ര്യത്തിന്നു വിട്ടേയ്ക്കുകയും ചെയ്യുന്നു. കാര ണം, അവറം എല്ലാററിലും മീതേ, ബ്രഹ്മാ ണ്ഡത്തിലുള്ള യാതൊന്നിനാലും ബന്ധിയ്ക്ക പ്പെടാതെയും, യാതൊന്നിനോടും സംഗമില്ലാ

തേയും സ്ഥിതിചെയ്യുന്നു. എന്നിരിയ്ക്കിലും, മററെല്ലാവരെക്കാളും ജഗന്മാതാവിൻെറ ഹൃദയം അവാംക്കാണുള്ളത്. കാരണം, അവളുടെ ആർദ്രത അനന്തവും അക്ഷയ്യവുമാകുന്നു; അവളുടെ ദൃഷ്ടിയിൽ എല്ലാവരും—അസുരനും, രാക്ഷസനും, പിശാചും, തെററിത്തെററിച്ച പരിപന്ഥികളായിത്തീൎന്നവരുംകൂടി—സ്വ സന്താ ന ങ്ങ ളും ഏകസത്തയുടെ അംശങ്ങളുമാണ്. അവളുടെ നിഷ്ഠ്വാസനംകൂടി ഒരു കാലവിളംബംമാത്രം; അവളുടെ ദണ്ഡനങ്ങാംകൂടി ഒരനുഗ്രഹം—പക്ഷെ, അവളുടെ ആർദ്രത സ്വകീയജ്ഞാനത്തെ അന്ധമാക്കുകയോ, സ്വകൎമ്മത്തെ നിശ്ചിതപദ്ധതിയിൽനിന്നു വ്യതിചലിപ്പിയ്ക്കുകയോ ചെയ്യുന്നില്ല; കാരണം, സമസ്തകാര്യങ്ങളുടേയും പാരമാൎത്ഥ്യമാണ് അവളുടെ ഏകശ്രദ്ധാവിഷയം; വിജ്ഞാനമാണ് അവളുടെ പ്രഭാവകേന്ദ്രം; നമ്മുടെ ആത്മാവിനേയും സ്വഭാവത്തേയും ദിവ്യസത്ത്വത്തിലേയ്ക്കു പരിവൎത്തനം ചെയ്യുയത്ത്ുകയാണ് അവളുടെ ഉദ്ദേശ്യവും പ്രയത്നവും.

ഇതിൽനിന്നു തുലോം വിഭിന്നമാണ് മഹാകാളിയുടെ സ്വഭാവം. വൈപുല്യത്തിന്നു പകരം ഔന്നത്യവും, ജ്ഞാനത്തിന്നു പകരം

ബലവും കെൽപ്പമാണ് അവളുടെ വിശേഷശക്തി. എല്ലാററിനേയും കീഴടക്കുന്ന ഒരു തീവ്രത, കാര്യനിവ്വഹണത്തിന്നുള്ള ബലവത്തായ ഒരു പ്രസക്തി, ഏതു പരിധിയേയും പ്രതിബന്ധത്തേയും തട്ടിത്തകക്കുവാൻ കുതിക്കുന്ന ഒര ഭൌമവിക്രമം—ഇവ അവളിലുണ്ട്. അവളുടെ ദിവ്യത്വം മുഴുവൻ പ്രചണ്ഡപ്രവത്തനത്തിൻെറ ഫലമായ തീക്ഷ്ണതേജസ്സോടുകൂടി വെളിയിലേക്കു കുതിച്ചുപൊങ്ങുന്നു; ശീഘ്രത, ഉടനടിയുള്ള ഫലോദയത്തോടുകൂടിയ പ്രവൃത്തിമാഗ്ഗം, വേഗത്തിലും നേരിട്ടുമുള്ള പ്രഹരം, എല്ലാററിനേയും പലായനം ചെയ്യിച്ചുകൊണ്ടുള്ള മുന്നോട്ടു നീങ്ങുന്ന ആക്രമണം—ഇവക്കു വേണ്ടിയാണ് അവളുടെ നില്പ്. അസുരന്മാക്ക് അവളുടെ മുഖം ഭയങ്കരവും, ഭഗവദ്ദ്വേഷികളോടുള്ള അവളുടെ ഭാവം കരാളവും നിഷ്കൃപവുമാകുന്നു. എന്തുകൊണ്ടെന്നാൽ, അവരം ഒരിക്കലും സമരപരാങ്മുഖത്വം കാണിക്കാത്ത വിശൈ്വകധനുദ്ധരയാകുന്നു. അപൂണ്ണതയെ സഹിക്കാതെ അവരം മനുഷ്യനിൽ വഴങ്ങാതെ നില്ക്കുന്നതിനോടെല്ലാം കക്കശയായി പെരുമാറുകയും, ശാഠ്യത്തോടുകൂടിയ അജ്ഞതയുടേയും അപ്രകാശത്തിൻേറയും നേരെ കഠിനയായി

വർത്തിയ്ക്കുകയും ചെയ്യുന്നു. വഞ്ചന, വ്യാജം, ദ്രോഹബുദ്ധി—ഇവയെക്കുറിച്ചുള്ള അവളുടെ രോഷം ക്ഷിപ്രവും ദാരുണവുമത്രേ; ദുർബ്ബുദ്ധി അവളുടെ മുദ്ഗരത്താൽ പെട്ടെന്ന് അഭിഹതമായിത്തീരുന്നു. ദൈവികകാര്യങ്ങളെസ്സംബന്ധിച്ചുള്ള ഉദാസീനതയും അനവധാനതയും അലസതയും അവരക്ക് അസഹ്യമാണ്. കാലം തെററിയുറങ്ങുന്നവനേയും, വൃഥാ സമയം കളയുന്നവനേയും—ആവശ്യമുള്ളപക്ഷം നിശിതവേദനയാകുന്ന ശസ്ത്രപ്രപാതത്താൽത്തന്നെ—അവരം പെട്ടെന്നുണർത്തുന്നു. ഋജുക്കളും ശീഘ്രങ്ങളും ഉള്ളുതുറന്നവയുമായ പ്രചോദനങ്ങരം; ഒഴികഴിവിന്നിടമോ, എതിരിന്നു പഴുതോ ഇല്ലാത്ത പ്രചലനങ്ങരം; മേല്പോട്ടുജ്ജ്വലിച്ചുയരുന്ന ആരോഹണേച്ഛ; മഹാകാളിയുടെ പ്രവർത്തനങ്ങളാണിവ. അവളുടെ ഉരക്കരുത്ത് ആക്കും വിധേയമല്ലാത്തതും, അവളുടെ പ്രേക്ഷയും സങ്കല്പവും ഗൃധ്രയാനംപോലെ സമുന്നതങ്ങളും ദൂരാതിലംഘികളും, അവളുടെ പാദങ്ങരം ആരോഹണപദ്ധതിയിൽ ശീഘ്രങ്ങളും, അവളുടെ കരങ്ങരം അഭിഹനിപ്പാനും ത്രാണം ചെയ്വാനുംവേണ്ടി പ്രസാരിതങ്ങളുമാകുന്നു. കാരണം, അവളും മാതാവുതന്നെയാണ്; അവളുടെ വാ

സലില്യം അവളുടെ ക്രോധത്തെപ്പോലെതന്നെ തീവ്രമാണ്; അഗാധവും വികാരതരംഗിതവുമായ ഒരു കാരുണ്യം അവൾക്കുണ്ട്. അവളെ പൂൎണ്ണശക്തിയോടുകൂടി ഇടപെടുവാൻ വിടുകയാണെങ്കിൽ സാധകനെ സ്തബ്ധനാക്കുന്ന പ്രതിബന്ധങ്ങളും, അവനെ എതിൎക്കുന്ന വൈരികളും ഒരു ഞൊടിയ്ക്കുകം ഉള്ളുറപ്പില്ലാത്ത സാധനങ്ങളെന്നവണ്ണം ഖണ്ഡിയ്ക്കപ്പെടുന്നു. അവളുടെ ക്രോധം പരിപന്ഥികൾക്കു ഭയാവഹവും, അവളുടെ പ്രേരണയുടെ ഉഗ്രശക്തി ചപലന്മാൎക്കും ഭീരുക്കൾക്കും ക്ലേശകരവുമായിരിയ്ക്കാമെങ്കിലും, മഹാമതിമത്തുക്കളും സത്വവാന്മാരും വിശിഷ്ടന്മാരും അവളെ സ്നേഹിയ്ക്കുകയും ആരാധിയ്ക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, അവൾ അവരുടെ സ്വഭാവത്തിൽ ഇണങ്ങിച്ചേരാത്ത ഘടകങ്ങളെ ഉടച്ചുവാൎത്തു ശക്തിയും പൂൎണ്ണസത്യവുമായി മാററുകയും വക്രമായും പ്രതിലോമമായുമുള്ളതിനെ തല്ലി നേരെയാക്കുകയും, അശുദ്ധവും ശിഥിലവുമായതിനെ തള്ളിപ്പുറത്താക്കുകയും ചെയ്യുന്നതായി അവൎക്കനുഭവപ്പെടുന്നു. അവളില്ലായിരുന്നുവെങ്കിൽ ഒരു ദിവസംകൊണ്ടു നിൎവ്വഹിയ്ക്കപ്പെടുന്ന കാൎയ്യങ്ങൾക്കു ശതാബ്ദങ്ങൾ വേണ്ടിവരുമായിരുന്നു. അവളുടെ അഭാ

വത്തിൽ ആനന്ദം വിപുലവും ഗരിഷ്ഠവുമോ, മൃദുവും മധുരവും സുന്ദരവുമോ, ആയേക്കാം; പക്ഷെ, അതിൻെറ പരമകാഷ്ഠകളിലുള്ള ജാജ്വല്യമാനമായ സന്തുഷ്ടി അതിന്നു നഷ്ടമായിത്തീരും. അവൾ വിജ്ഞാനത്തിന്നു വിജയപ്രദമായ ശക്തി നല്കുകയും, സൌന്ദര്യത്തിന്നും സുസ്വരതക്കും സമുന്നതമായ ഒരുദ്ഗതി വരുത്തുകയും, പരിപൂൎണ്ണതയെ ലാക്കാക്കിയുള്ള അലസവും ക്ലിഷ്ടവുമായ പ്രയത്നത്തിന്ന് അതിൻെറ ശക്തിയെ ഗുണീഭവിപ്പിക്കുന്നതും ദീൎഘമായ മാൎഗ്ഗത്തെ ചുരുക്കുന്നതുമായ ഒരു വിശേഷപ്രേരണയെ നല്കുകയും ചെയ്യുന്നു. പരമങ്ങളായ ആനന്ദാനുഭൂതികൾ, അത്യുച്ചൌന്നത്യങ്ങൾ, അത്യുൽകൃഷ്ടലക്ഷ്യങ്ങൾ, അതിവിപുലാദൎശപദ്ധതികൾ—ഇവയിൽ ഒട്ടെങ്കിലും ചുരുങ്ങിയ യാതൊന്നും അവളെ തൃപ്തിപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ, പരമേശ്വരൻെറ ജയാത്മകമായ ശക്തി അവളോടു ചേൎന്നിരിക്കുന്നു; നമ്മുടെ മഹോദ്ദേശ്യത്തിൻെറ നിൎവ്വഹണം കാലവിളംബമെന്നിയെ ഇപ്പോൾത്തന്നെ സാധിക്കുന്നുണ്ടെങ്കിൽ, അത് അവളുടെ ഉജ്ജ്വലതയുടേയും ഊൎജ്ജസ്വലതയുടേയും വേഗത്തിൻേറയും ഫലമായിട്ടാണതാനും.

പരമാംബികയുടെ ആത്മവിഭൂതികൾ ജ്ഞാനവും ശക്തിയും മാത്രമല്ല; കുറേക്കൂടി സൂക്ഷ്മമായ ഒരു നിഗൂഢഭാവം അവളുടെ പ്രകൃതിയ്ക്കുണ്ട്. അതില്ലാതെ ജ്ഞാനവും ശക്തിയും അസമാപ്തങ്ങളായും, സംപൂൎണ്ണതതന്നെ അസംപൂൎണ്ണമായുമിരിയ്ക്കും. ജ്ഞാനത്തിന്നും ശക്തിയ്ക്കും ഉപരിയായി ശാശ്വതസൌന്ദൎയ്യത്തിൻെറ വാചാമഗോചരാത്ഭുതം—ദിവ്യസുസ്വരതയുടെ അഗ്രാഹ്യരഹസ്യം—സമസ്തഭൂതങ്ങളേയും ശക്തികളേയും സത്വങ്ങളേയും ആകൎഷിച്ച് ഒരുമിച്ചനിൎത്തി, മായാമറയുടെ പിന്നിൽനിന്നു ഗുപ്തമായ ഒരാനന്ദം നിൎബ്ബാധമായി വിഹരിച്ച്, അവയെ അതിൻെറ ലയവിന്യാസങ്ങളാക്കിത്തീൎക്കുവാൻ കഴിയുമാറ്, അവയെ കൂട്ടിമുട്ടുവാനും സമ്മേളിയ്ക്കുവാനും നിൎബ്ബന്ധിയ്ക്കുന്ന അപ്രതിഹതവും സാൎവ്വത്രികവുമായ ഒരു ചാരുതയുടേയും ആകൎഷണത്തിൻേറയും ഒഴിഞ്ഞുമാറുവാനനുവദിയ്ക്കാത്ത മഹേന്ദ്രജാലം—പരിലസിയ്ക്കുന്നു. ഇതാണ് മഹാലക്ഷ്മിയുടെ പ്രഭാവം; ശരീരികളുടെ ഹൃദയത്തിന്ന് ഇതിൽപ്പരം സമാകൎഷകമായ ദിവ്യശക്തിയുടെ വേറൊരു മൂൎത്തിഭേദമില്ല. മഹേശ്വരി ഭൌമസ്വഭാവത്തിൻെറ എളിമയ്ക്ക് അടുക്കുവാനോ അടക്കുവാനോ നിവൃ

ത്തിയില്ലാത്ത മട്ടിൽ അക്ഷോഭ്യയായും മാഹാ ത്മ്യവതിയായും ദൂരസ്ഥയായും; മഹാകാളി അ തിൻെറ ദൌബ്ബല്യത്തിന്നു സഹിപ്പാൻ കഴി യാത്തവിധത്തിൽ വേഗവതിയായും അധൃഷ്യ യായും തോന്നപ്പെട്ടേയ്ക്കാം; എന്നാൽ സവ്വരും ആഹ്ലാദത്തോടും ഔത്സുക്യത്തോടുംകൂടി മഹാല ക്ഷ്മിയുടെ നേരെ തിരിയുന്നു. കാരണം, അ വരം ബ്രഹ്മാനുഭൂതിയുടെ മാധുര്യലഹരിയുടെ വശ്യതയെ വഷിയ്ക്കുന്നു; അവളുടെ സാമീപ്യം അഗാധമായ ഒരാനന്ദവും, ഹൃദയഗഹ്വരത്തിൽ അവളുടെ സാന്നിധ്യത്തെ അനുഭവിയ്ക്കുകയെ ന്നതു, ജീവിതത്തെ പരമാനന്ദമയവും അത്യാ ശ്ചര്യമയവുമാക്കിത്തീക്കുകയുമാകുന്നു. അവ ളിൽനിന്ന് അഴകും ചാരുതയും ആർദ്രതയും, സൂര്യങ്കൽനിന്നു വെളിച്ചമെന്നപോലെ, പ്രവ ഹിയ്ക്കുന്നു. അവരം എവിടെയെങ്കിലും തൻെറ അത്ഭുതവീക്ഷണത്തെ പതിപ്പിയ്ക്കുകയോ, മന്ദ സ്മിതമാധുര്യം പൊഴിയ്ക്കുകയോ ചെയ്യുമ്പോരം, ആത്മാവു പരിഗൃഹീതമായി, വശീകൃതമായി, അടിത്തട്ടില്ലാത്ത ആനന്ദത്തിൻെറ അഗാധത യിലേയ്ക്ക് ആഴ്ത്തപ്പെടുന്നു. കാന്തത്തെപ്പോലെ ആകഷ്ണശക്തിയോടുകൂടിയതാണ് അവളുടെ കരസ്പശം; നിഗൂഢവും സുകുമാരവുമായ അതി

ൻെറ പ്രേരകശക്തി മനസ്സിനേയും പ്രാണനേയും ശരീരത്തേയും കറകളഞ്ഞു തെളിയിക്കുകയും അവരം കാലടികളുന്നന്നിടത്തു മനോമോഹനമായ ആനന്ദത്തിൻെറ അത്ഭുതകല്ലോലിനികരം ഒഴുക്കുകയും ചെയ്യുന്നു.

ഇങ്ങിനെയൊക്കെയാണെങ്കിലും, ഈ മോഹനശക്തിയുടെ ഉപാസനാവിധികളെ അനുഷ്ഠിക്കുകയോ അവളുടെ സാന്നിധ്യത്തെ പ്രതിഷ്ഠിക്കുകയോ ചെയ്യുന്നത് എളുപ്പമല്ല. മനസ്സിൻേറയും ആത്മാവിൻേറയും മൈത്രിയും കാന്തിയും; വിചാരങ്ങളുടേയും വികാരങ്ങളുടേയും സമസ്വരത്വവും ലാളിത്യവും; ബാഹ്യമായ ഏതു പ്രവൃത്തിയിലും ചലനത്തിലും ഏകതാനത്വവും ചാരുതയും; ജീവിതക്രമത്തിൻേറയും പരിസരങ്ങളുടേയും രമ്യാനുരഞ്ജനവും ശ്രീത്വവും—ഇവയാണ് മഹാലക്ഷ്മി ആവശ്യപ്പെടുന്നത്. നിഗൂഢമായ വിശ്വപ്രമോദത്തിൻെറ ലയമേളനങ്ങളോട് ആന്തരമായ ചേർച്ചയും ആദ്യന്തസൌന്ദര്യമൂർത്തിയുടെ ആഹ്വാനത്തിന്നു പ്രതിവചനവും, ദിവ്യതയെ ലാക്കാക്കിയുള്ള ജീവരാശികളുടെ സാധർമ്മ്യവും ഐക്യവും സാറ്റാദമായ ഒഴുക്കും ഉള്ളേടത്ത് അധിവസിക്കുന്നത് അവരംക്ക സമ്മത

മാണ്. എന്നാൽ വിരൂപവും നികൃഷ്ടവും നീചവുമായതൊക്കെയും, ദീനവും കുത്സിതവും മലീമസവുമായതൊക്കെയും, മൃഗീയവും അസഭ്യവുമായതൊക്കെയും അവളുടെ അവതരണത്തെ പ്രതിരോധിക്കുന്നു. പ്രേമവും സൌന്ദര്യവുമില്ലാത്തിടത്തും, അവ ജനിക്കുവാൻ വൈമനസ്യം കാട്ടുന്നിടത്തും, അവളുടെ സാന്നിധ്യമില്ല; പ്രേമസൌന്ദര്യങ്ങൾ നികൃഷ്ടവസ്തുക്കളോടു കൂടികലൎന്നു വികൃതങ്ങളായിക്കിടക്കുന്നിടങ്ങളിൽനിന്ന് അവൾ വേഗത്തിൽ തിരിഞ്ഞു വിട്ടുപോകുവാനൊരുങ്ങുകയോ തൻെറ സമൃദ്ധികളെ വൎഷിക്കുവാൻ കൂട്ടാക്കാതിരിക്കുകയോ ചെയ്യുന്നു. മനുഷ്യരുടെ ഹൃദയങ്ങളിൽ സ്വാൎത്ഥപരതയാലും വിദ്വേഷത്താലും അഭ്യസൂയയാലും പൈശുന്യത്താലും മാത്സര്യത്താലും കലഹത്താലും അവൾ തന്നെത്താൻ സമാവൃതയായി കാണപ്പെടുകയാണെങ്കിൽ—ആ പുണ്യചഷകത്തിൽ വിശ്വാസഘാതവും ലോഭവും കൃതഘ്നതയും കൂട്ടിക്കലൎത്തപ്പെടുകയാണെങ്കിൽ—കാമത്തിൻെറ അശ്ശീലതയും അശോധിതമായ വിഷയാസക്തിയും ഉപാസനയെ അപഭ്രംശിപ്പിക്കുകയാണെങ്കിൽ—അത്തരം ഹൃദയങ്ങളിൽ സൌമ്യയും ലളിതയുമായ ദേവി

തഞ്ചിനില്ക്കുകയില്ല. ദൈവികമായ ഒരു ജുഗുപ്സ അവളെ ബാധിക്കുകയും അവാം പിൻവാങ്ങുകയും ചെയ്യുന്നു; കാരണം അവാം നിർബ്ബന്ധിക്കുകയോ പ്രയത്നിക്കുകയോ ചെയ്യുന്ന ഒരുവളല്ല; അഥവാ തൻെറ മുഖം മറച്ചു, തൻെറ മംഗളപ്രഭാവത്തെ വീണ്ടും പ്രതിരോഹിതമാക്കുന്നതിന്നുമുമ്പായി, തിക്തവും വിഷമയവുമായ ആ പൈശാചികസംഭാരം നിരാകൃതമായി മറയുന്നതുവരെ അവാം കാത്തുനില്ക്കുന്നു. വൈഖാനസമായ കേവലതപവും തീവ്രതയും, ഹൃദയത്തിൻെറ ഗഹനങ്ങളായ അന്തർവ്വേഗങ്ങളുടെ നിരോധവും, ആത്മാവിൻേറയും ജീവൻേറയും സുന്ദരാംശങ്ങളുടെ കഠോരനിഗ്രഹവും അവാംക്കു സന്തോഷകരങ്ങളല്ല. കാരണം, പ്രേമത്തിലൂടേയും സൌന്ദര്യത്തിലൂടേയുമാണ് അവാം മനുഷ്യരെ ഐശ്വരപ്രാസംഗത്തിന്നടിയിൽ പെടുത്തുന്നത്. അവളുടെ ശ്രേഷ്ഠസൎഗ്ഗങ്ങളിൽ ജീവിതം ദിവ്യമഹാകലയുടെ വിഭവസമൃദ്ധമായ ഒരു ശില്പിതവസ്തുവായും, പ്രാപഞ്ചികാവസ്ഥാനം മുഴുവൻ പുണ്യഹൎഷാത്മകമായ ഒരു കാവ്യമായും പരിണമിക്കുന്നു; സാംസാരികവിഭവങ്ങളെല്ലാം സംഭരിക്കപ്പെടുകയും, പരമമായ ഒരു സംവിധാന

ത്തെ ഉദ്ദേശിച്ചു സംഘടിതമാവുകയും ചെയ്യു ന്നു; അവളുടെ ആന്തരമായ ഐക്യബോധ ത്താലും, അവളുടെ ചൈതന്യത്തിൻെറ ഉല്ലാ സത്താലും, ഏററവും അപരിഷ്കൃതങ്ങളും സാ ധാരണങ്ങളുമായ വസ്തുക്കറംപോലും കൌതുക പൂർണ്ണങ്ങളാക്കിത്തീക്കപ്പെടുന്നു. ഹൃദയത്തിലേ ക്കു പ്രതിഗ്രാഹിതയായ അവറം, ജ്ഞാനത്തെ ചമൽകാരശൃംഗങ്ങളിലേക്കുയത്തി എല്ലാ അനു ഭവവിജ്ഞാനത്തേയും അതിലംഘിക്കുന്ന ഹഷ് പാരവശ്യത്തിൻെറ തക്കാതിശായികളായ രഹസ്യങ്ങളെ ആവിഷ്കരിക്കുകയും; ഉപാസന യെ ഈശ്വരൻെറ ഭാവപ്രചുരമായ ആകഷ്ണ വുമായി സംമുഖീഭവിപ്പിക്കുകയും; ദൃഢതയേ യും ഊജ്ജസത്തേയും, തൽപ്രവൃത്തികളുടെ പ്രഭാവത്തെ സ്വൈരൈക്യത്തിലും മാത്രസ്കുള്ളി ലും നിലനിത്തുന്ന താളനിബന്ധനത്തെ അഭ്യ സിപ്പിക്കുകയും; സിദ്ധിയുടെമേൽ അതിനെ ചിരസ്ഥായിയാക്കുന്ന മനോഹാരിതവത്തെ ക്ഷേപിക്കുകയും ചെയ്യുന്നു.

മഹാസരസ്വതി ശ്രീമാതാവിൻെറ ശക്തി സ്വരൂപമവലംബിച്ച കമ്മസാമത്ഥ്യവും അവ ളുടെ ഗുണസംപൂത്തിയുടേയും സുവ്യവസ്ഥയുടേ യും ചൈതന്യവുമാകുന്നു. നാൽവരിലുംവെച്ചു

കനീയസിയായ ഇവളാണ് നിർവ്വഹണസാമ ർത്ഥ്യത്തിൽ ഏററവും പ്രവീണയും, ഭൌതിക പ്രകൃതിയ്ക്കു് ഏററവും സമീപസ്ഥയും. മഹേ ശ്വരി പ്രാപഞ്ചികശക്തികളുടെ വിപുലങ്ങ ളായ സീമകളെ വ്യവസ്ഥപ്പെടുത്തുകയും, മഹാ കാളി അവയുടെ ഉത്സാഹത്തേയും പ്രേരകശ ക്തിയേയും പ്രചോദനം ചെയ്യുകയും, മഹാല ക്ഷ്മി അവയുടെ താളങ്ങളേയും മാത്രകളേയും ആവിഷ്ക്കരിയ്ക്കുകയും ചെയ്യുന്നു; മഹാസരസ്വ തിയാകട്ടേ, അവയുടെ സംവിധാനത്തേയും അനുഷ്ഠാനത്തേയും, വിഭിന്നാംശങ്ങളുടെ അ ന്യോന്യബന്ധത്തേയും, ശക്തികളുടെ കാര്യ സാധകമായ സമവായത്തേയും, നിഷ്പത്തിയു ടേയും നിർവ്വഹണത്തിൻേറയും അഭംഗമായ സൂ ക്ഷ്മതയേയും, അധികരിച്ചുള്ള പ്രപഞ്ചനത്തി ൻെറ അദ്ധ്യക്ഷയായി വർത്തിയ്ക്കുന്നു. ഓരോ കാര്യത്തേയും സംബന്ധിച്ചുള്ള ശാസ്ത്രം, കൌ ശല്യം, നിപുണവ്യവഹാരം—ഇവ മഹാസര സ്വതിയുടെ അധികാരമണ്ഡലമാകുന്നു. ഒരു വിദഗ്ദ്ധകർമ്മകാരനുണ്ടായിരിയ്ക്കേണ്ടുന്ന സുസം ലഗ്നവും പരിച്ഛിന്നവുമായ വൈദഗ്ദ്ധ്യം, സുസൂ ക്ഷ്മത, ക്ഷമ, അന്തർജ്ഞാനവത്തായ മനസ്സി ൻേറയും സപ്രതിബോധമായ കരത്തിൻേറയും

വിവേകിയായ കണ്ണിൻെറയും സത്യത, എന്നിവ എല്ലായ്പോഴും അവരം തൻെറ പ്രകൃതിയിൽ ഒതുക്കുകയും, തന്നാൽ അനുഗൃഹീതരായവക്കു പ്രദാനം ചെയ്‌വാൻ ശക്തയാവുകയും ചെയ്യുന്നു. സമസ്തഭുവനങ്ങളിലേയും ഊജ്ജസ്വിയും അശ്രാന്തനും അപ്രമത്തനും നിപുണനുമായ നിമ്മാതാവായും സംവിധായകനായും കാര്യനിവ്വാഹകനായും പാരിഭാഷികനായും കാരുവായും വണ്ണക്രമകാരനായും വെളിപ്പെടുന്നതു് ഈ ശക്തിവിശേഷംതന്നെയാണു്. സ്വഭാവത്തിൻെറ പരിവൃത്തിയും നവ്യനിമ്മിതിയും അവരം കയ്യേല്ക്കുമ്പോരം, അവളുടെ പ്രവത്തനം ശ്രമപൂവ്വകവും സുസൂക്ഷ്മവുമാകുന്നു; പലപ്പോഴും നമ്മുടെ അക്ഷമതയ്ക്കു് അതു ദീഘസൂത്രമായും അനവസാനമായും തോന്നപ്പെട്ടേയ്ക്കാമെങ്കിലും, അതു നിബ്ബന്ധപരവും അഖണ്ഡവും നിദ്ദോഷവുമാകുന്നു. എന്തെന്നാൽ, അവളുടെ പ്രവൃത്തികളിലുള്ള നിഷ്ഠ സാവധാനവും നിന്ദ്രിദ്രവും അശ്രാന്തവുമാകുന്നു; നമ്മുടെ ആധ്യക്ഷ്യം വഹിച്ചുകൊണ്ടു് ഓരോ ലഘുസംഗതിയേയും അവരം അവലോകനം ചെയ്യുകയും, പരാമശിക്കുകയും, ഓരോ കുറവും വിള്ളലും തിരിവും തികവുകേടും കണ്ടുപിടിയ്ക്കുകയും, അതുവരെ

ചെയ്യപ്പെട്ടതും മേലിൽ ചെയ്യപ്പെടാൻ ബാക്കിയുള്ളതുമായ എല്ലാററിനേയും കൃത്യമായി പരിചിന്തിയ്ക്കുകയും വിമർശിയ്ക്കുകയും ചെയ്യുന്നു. അവളുടെ ശ്രദ്ധയഹിയ്ക്കാത്തവണ്ണം അത്ര ശിഥിലമോ ബാഹ്യദൃഷ്ടിയിൽ നിസ്സാരമോ ആയ യാതൊന്നുമില്ല. യാതൊന്നും—അത് എത്രതന്നെ അവ്യക്തമോ വേഷാന്തരിതമോ നിലീനമോ ആയിരുന്നാലും ശരി—അവളുടെ ശ്രദ്ധയിൽനിന്ന് ഒഴിഞ്ഞുചാടുകയില്ല. അത് അതിൻെറ യഥാൎത്ഥസ്വരൂപത്തെ പ്രാപിയ്ക്കുവോളവും, സംപൂൎണ്ണതയിൽ അതിൻെറ ശരിയായ സ്ഥാനത്തു പ്രതിഷ്ഠാപിതമാകുവോളവും, അതിൻെറ നിശ്ചിതോദ്ദേശ്യത്തെ നിറവേററുവോളവും, ഓരോ വിഭാഗത്തേയും അവരം സംസ്കരിച്ചും പ്രതിസംസ്കരിച്ചും പ്രപഞ്ചനം ചെയ്തുകൊണ്ടിരിയ്ക്കുന്നു. വസ്തുക്കളെസ്സംബന്ധിച്ചുള്ള അവളുടെ നിരന്തരവും സോത്സാഹവുമായ വിന്യാസപുനൎവ്വിന്യാസങ്ങരക്കിടയിൽ അവളുടെ ദൃഷ്ടി ഒരേ സമയം എല്ലാ ആവശ്യങ്ങളിന്മേലും അവയെ നിറവേറേണ്ടുന്ന മാൎഗ്ഗത്തിന്മേലും പതിയുന്നു; കൊള്ളേണ്ടതും തള്ളേണ്ടതും ഏതേതെന്ന് അവളുടെ അന്തൎബ്ബോധംകൊണ്ടറിയുകയും, ശരിയായ കാരകൻ, ശരിയായ വേള,

ശരിയായ ഉപാധി, ശരിയായ വിധാനപദ്ധതി, ഇവയെ വിജയപൂൎവ്വം നിൎണ്ണയിക്കുകയും ചെയ്യുന്നു. പ്രമാദം, ഉപേക്ഷ, ആലസ്യം— ഇവയെ അവരം വെറുക്കുന്നു; അസമ്യക്കായും ബദ്ധപ്പാടോടുകൂടിയും അസരളമായും ചെയ്യപ്പെടുന്ന സകലപ്രവൃത്തികളും, അകുശലത, ''ഏകദേശത്വം'', ലക്ഷ്യപ്പിഴ, അവാസ്തവമായ പററുവേലകരം, ഉപകരണങ്ങളുടേയും കെൽപ്പുകളുടേയും ദുൎവ്വിനിയോഗം, കാര്യങ്ങളുടെ അനിവ്ഹണം അല്ലെങ്കിൽ അദ്ധ്നിവ്ഹണം—ഇവയെല്ലാം അവളുടെ സ്വഭാവത്തിന്നു വിരുദ്ധവും വിപരീതലക്ഷണവുമാകുന്നു. അവളുടെ പ്രവൃത്തി അവസാനിക്കുമ്പോഴേക്കും യാതൊന്നും വിസ്മൃതമാവുകയില്ല; അനുചിതസ്ഥാനനിവിഷ്ടമായോ, വിട്ടുപോയതായോ വികലാവസ്ഥയിൽ ഇട്ടേച്ചതായോ, യാതൊരു ഭാഗവും ഉണ്ടായിരിക്കയില്ല; എല്ലാം ദൃഢവും സൂക്ഷ്മവും സംപൂൎണ്ണവും വിസ്മയാവഹവുമായിരിക്കും. സംപൂൎണ്ണമായ സുപരിണതിയിൽ കുറഞ്ഞുള്ള യാതൊന്നും അവളെ തൃപ്തിപ്പെടുത്തുന്നില്ല; ആവശ്യമായിവരുന്നപക്ഷം, തൻെറ സൃഷ്ടിയുടെ പൂൎണ്ണതയ്ക്കുവേണ്ടി ആയാസപൂൎണ്ണമായ ഒരനന്തതയെപ്പോലും വിനിയോഗിക്കുവാൻ അവരം

സന്നദ്ധയാണ്. അതുകൊണ്ടു, മാതാവിൻെറ ശക്തികളിലെല്ലാം വെച്ചു, മനുഷ്യനേയും അവൻെറ പരസ്സഹസ്രം വൈകല്യങ്ങളേയും സംബന്ധിച്ച് ഏററവും ദീൎഘസഹിഷ്ണുത പ്രദശിപ്പിയ്ക്കുന്നത് അവളാകുന്നു. കൃപാവതിയായും, സുസ്മിതയായും, അന്തികസ്ഥയായും, സഹായിനിയായും, എളുപ്പത്തിൽ പിൻതിരിയാതേയും, ഭഗ്നോത്സാഹയാകാതേയും, പലവട്ടമുള്ള പരാജയത്തിന്നു ശേഷവും നിബ്ബന്ധശീലയായുമുള്ള അവളുടെ കരങ്ങരം നമ്മുടെ ഓരോ കാൽവെപ്പിനേയും സുരക്ഷിതമാക്കുന്നു,—നാം ഏകാഗ്രസങ്കല്പത്തോടും, ആജ്ജവത്തോടും, നിഷ്കപടതയോടും കൂടിയവരാണെങ്കിൽമാത്രമാണിത്; കാരണം, അന്തഃകാപട്യം അവരം സഹിയ്ക്കുകയില്ല. ചെമ്പു വെളിച്ചത്താക്കുന്ന അവളുടെ പ്രസാദവിഡംബനമാകട്ടേ, എല്ലാ വ്യാജനാട്യങ്ങളുടേയും അഭിനയങ്ങളുടേയും ആത്മവഞ്ചനങ്ങളുടേയും കാപട്യങ്ങളുടേയും നേരെ നിൎദ്ദയവുമാകുന്നു. നമ്മുടെ ആകാംക്ഷകളെസ്സംബന്ധിച്ചിടത്തോളം ഒരമ്മയായും, നമ്മുടെ കഷ്ടപ്പാടിൽ സുഹൃത്തായും, അഭിനിവിഷ്ടയും പ്രശാന്തയുമായ സചിവയായും ഉപദേശകൎത്രിയായും, തൻെറ ദീപ്തിമത്തായ മന്ദസ്മിതത്താൽ

വിഷാദത്തിൻേറയും ആത്മപീഡനത്തിൻേറയും ഖിന്നതയുടേയും കാർമേഘങ്ങളെ പറപ്പിച്ചും, തൻെറ സദാ സന്നിഹിതമായ സാഹായ്യത്തെ അനുസ്മരിപ്പിച്ചും അനശ്വരസൂര്യപ്രകാശത്തെ ചൂണ്ടിക്കാട്ടിയുംകൊണ്ട്, അവാം സുസ്ഥിരയായി, പ്രശാന്തയായി, നമ്മെ ശ്രേഷ്ഠപ്രകൃതിയുടെ അഖണ്ഡതയിലേയ്ക്കു നയിയ്ക്കുന്ന അഗാധവും നിരന്തവുമായ പ്രചോദനത്തിൽത്തന്നെ അഭിനിവിഷ്ടയായുമിരിയ്ക്കുന്നു. മററു ശക്തികളുടെ സർവ്വപ്രവൃത്തിയും അതിൻെറ സംപൂർണ്ണതയ്ക്കു് അവളെയാണ് ആശ്രയിയ്ക്കുന്നത്; എന്തെന്നാൽ, അതിൻെറ ഭൌതികമായ അസ്ഥിവാരം ഉറപ്പിയ്ക്കുന്നതും, പ്രപഞ്ചസാമഗ്രികളെ വിചിത്രരീതിയിൽ സുഘടിതമാക്കുന്നതും, രക്ഷാവരണത്തെ ഉത്താനവും ദൃഢീകൃതവുമാക്കുന്നതും അവളാകുന്നു.

*　　　*　　　*

ദിവ്യമാതാവിൻെറ മഹത്തായ മൂർത്തിഭേദങ്ങാം വേറെയും ഉണ്ടെങ്കിലും അവയെ അവതരിപ്പിയ്ക്കുന്നതു കുറേക്കൂടി പ്രയാസമായിരുന്നു; അവ ഭൂചേതനയുടെ പരിണാമത്തിൽ ഇത്രത്തോളം പ്രാധാന്യത്തോടുകൂടി മുന്നിൽത്തള്ളി നില്ക്കുന്നില്ല. അവയുടെ ഇടയിൽ വിജ്ഞാന

സിദ്ധിയ്ക്കു് അത്യന്താപേക്ഷിതങ്ങളായ ചില സാന്നിധ്യങ്ങളുണ്ടു്. ഇവയിൽവെച്ച് ഏററവും പ്രധാനമായതു്, അംബികയുടെ ഗൂഢവും ശക്തിസംപൂൎണ്ണവുമായ ഹൎഷാപാരവശ്യത്തേയും, ഒരു പരമദിവ്യപ്രേമത്തിൽനിന്നു നിൎഗ്ഗളിയ്ക്കുന്ന ആനന്ദത്തേയും അധികരിച്ചുള്ള അവളുടെ മൂൎത്തിവിശേഷമാണു്; ഈ ആനന്ദത്തിന്നുമാത്രമേ വിജ്ഞാനചൈതന്യത്തിൻെറ പരമപാരമ്യങ്ങളുടേയും ഭൌതികത്വത്തിൻെറ അത്യന്താഗാധമായ നീചത്വങ്ങളുടേയും ഇടയ്ക്കുള്ള അനുല്ലംഘനീയാന്തരത്തെ ഇല്ലാതാക്കുവാൻ സാധിയ്ക്കു; ഈ ആനന്ദമാകുന്നു, അത്ഭുതകരമായ പരമദിവ്യജീവിതത്തിൻെറ കവാടവിപാടനത്തിന്നു സമൎത്ഥമാകുന്നതും ഇപ്പോഴും ആത്മരഹസ്യങ്ങളാൽ മറെറല്ലാ പ്രാപഞ്ചികശക്തികളുടേയും പ്രവൎത്തനത്തെ പരിപാലിയ്ക്കുന്നതും. എന്നാൽ, പരിമിതവും അഹങ്കാരമയവും തമോവൃതവുമായ മാനുഷപ്രകൃതി ഈ മഹത്സാന്നിധ്യങ്ങളെ സ്വീകരിപ്പാനോ, അവയുടെ അതിമഹത്തായ പ്രവൃത്തിയെ താങ്ങുവാനോ കെല്പുള്ളതല്ല. ശക്തിചതുഷ്ടയം [മഹേശ്വരി, മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി] അവരുടെ പരസ്പരച്ചേൎച്ചയേയും ചേ

ഷ്ഠാസ്വാതന്ത്ര്യത്തേയും രൂപാന്തരം പ്രാപിച്ച മനസ്സിലും, ജീവനിലും ശരീരത്തിലും സ്ഥാപിച്ചതിൽ പിന്നീട്ട മാത്രമേ മററുള്ള അസാമാന്യശക്തികഠം ഭൌമികചേഷ്ടിതങ്ങളിൽ പ്രത്യക്ഷപ്പെട്ടവാനും വൈജ്ഞാനികപ്രവൎത്തനം സാധ്യമാകുവാനും തരമുള്ള. എന്തുകൊണ്ടെന്നാൽ, അവളുടെ മൂൎത്തിതചങ്ങളെല്ലാം അവളിൽ ശേഖരീകൃതങ്ങളായി പ്രകാശിയ്ക്കുകയും, അവയുടെ വ്യത്യസ്തപ്രവൎത്തനങ്ങഠം ഒരു സുസംഗതൈക്യമായി മാററപ്പെടുകയും, അവയുടെ വിജ്ഞാനാത്മകങ്ങളായ ദൈവതങ്ങളിലേയ്ക്ക് അവളിൽ അവ ഉയൎന്നെത്തുകയും ചെയ്യുമ്പോളാണ് അംബിക വിജ്ഞാനമഹാശക്തിയായി പ്രകാശിതയായി കാണപ്പെടുകയും, തൻെറ സമുജ്ജ്വലങ്ങളായ മഹത്തമപ്രാപ്തികളെ അവയുടെ അവ്യക്തവും സുസൂക്ഷ്മവുമായ അന്തരീക്ഷത്തിൽനിന്നു കീഴ്പ്പോട്ടു പ്രവഹിപ്പിയ്ക്കുകയും ചെയ്യുന്നത്. അപ്പോഠം മനുഷ്യപ്രകൃതിയ്ക്കു പ്രവൎത്തനക്ഷമമായ ദൈവികപ്രകൃതിയായി മാറുവാൻ കഴിയുന്നു; അപ്പോഠം സച്ചിത്തിൻേറയും സത്യശക്തിയുടേയും താത്വികതന്ത്രികഠം പ്രതിയോജിതങ്ങളാവുകയും, ജീവിതവല്ലകി നിത്യസത്തയുടെ ലയ

തരംഗങ്ങൾക്ക് അനുയുക്തമാവുകയും ചെയ്യുന്നു.

ഈ രൂപാന്തരത്തെ നിങ്ങൾ കാംക്ഷിക്കുന്നുണ്ടെങ്കിൽ ആവലാതിയോ പ്രതിരോധമോ കൂടാതെ അവനവനെ അമ്മയുടേയും അവളുടെ ശക്തികളുടേയും കൈകളിൽ സമപ്പിക്കുക; നിങ്ങളിൽ അവൾ തൻെറ പ്രവത്തനത്തെ മുടക്കമില്ലാതെ നിവ്വഹിക്കട്ടെ. മൂന്നു കാര്യങ്ങൾ നിങ്ങൾക്കുണ്ടായിരിക്കണം—പ്രബോധം, പരിപൂണ്ണവിധേയത, നിശ്ശേഷാത്മസമപ്പണം. നിങ്ങളുടെ മനസ്സിലും ആത്മാവിലും ഹൃദയത്തിലും ജീവനിലും—എന്നുവേണ്ടാ, നിങ്ങളുടെ ശരീരത്തിൻെറ സൂക്ഷ്മാണുക്കളിൽപ്പോലും—നിങ്ങൾ അവബോധത്തോടുകൂടിയവരായി, മാതാവിനേയും അവളുടെ ശക്തികളേയും അവരുടെ പ്രവത്തനങ്ങളേയും സംബന്ധിച്ച പ്രജ്ഞയോടുകൂടിയവരായിരിക്കണം; കാരണം, നിങ്ങളുടെ തമോവൃതസ്ഥിതിയിലും അപ്രബുദ്ധാംശങ്ങളിലും സമയങ്ങളിലുംകൂടി അവൾ നിങ്ങളിൽ പ്രവത്തിക്കുവാൻ സാധിക്കുകയും അങ്ങിനെ പ്രവത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, അതു നിങ്ങൾ അവളുമായി ജാഗ്രത്തും സജീവവുമായുള്ള ഭക്തിബന്ധത്തോടുകൂടിയവരായിരിക്കുമ്പോളുള്ളതിന്നു തുല്യ

മായ ഒരു സ്ഥിതിയല്ല. ആത്മസംഭാവിത വും അപ്രാജ്ഞവുമായ മനസ്സ ചോദ്യം ചെയ്യ യും, സംശയിക്കുകയും, വിസംവദിക്കുകയും, ആത്മപ്രകാശനത്തേയും സൽപരിവൎത്തനത്തേ യും സംബന്ധിച്ച തനിക്കു താൻതന്നെ ശത്രു വായിത്തീരുകയും ചെയ്യുമ്പോലെ നിങ്ങളും ചെയ്യാതെ—മനുഷ്യനിലുള്ള പ്രാണശക്തി സ്വചേഷ്ടകളെസ്സംബന്ധിച്ച, സ്വാതന്ത്ര്യം വേ ണമെന്നു നിഷ്കൎഷിക്കുകയും, ദുൎന്നിഗ്രഹങ്ങളായ അതിൻെറ കാമങ്ങളേയും വിദ്വേഷങ്ങളേയും അനവരതം ഏതു ദൈവികപ്രേരണയുടേയും എതിരാക്കിനിൎത്തുകയും ചെയ്യുമ്പോലെ നി ങ്ങളും ചെയ്യാതെ—അല്പതയേയും അന്ധകാര ത്തേയും ആസ്പദിച്ചുള്ള സന്തുഷ്ടിയെ മുറുകെപ്പി ടിച്ചുകൊണ്ടു, തൻെറ അനാത്മീയജീവിതചൎയ്യ യേയോ, അപ്രബുദ്ധമായ ആലസ്യത്തേയോ നിശ്ശേഷമായ നിദ്രയേയോ ഭഞ്ജിക്കുന്ന ഏ തൊരു സ്പൎശത്തേയും സഹിക്കാതെ നിലവിളി ച്ചുകൊണ്ടു മനുഷ്യൻെറ ജഡികചേതന പരി പന്ഥിയായിക്കിടക്കുന്നതുപോലെ അപ്രാപ്തി യിലും സ്തബ്ധതയിലും തമസ്സിലും ഇറങ്ങിനി ന്നുകൊണ്ട് അവനവൻെറ മാൎഗ്ഗനിരോധം ചെ യ്യാതെ—നിങ്ങളുടെ മുഴുവൻ സ്വഭാവത്തെ

അമ്മയുടെ സ്പർശനത്തിന്നു രൂപാന്തരപ്പെടുത്തു വാൻ എളുപ്പത്തിൽ തരപ്പെടുന്ന രീതിയിൽ മയപ്പെടുത്തിവെയ്ക്കേണ്ടതാണ്. ബാഹ്യസത്തയുടേയും ആഭ്യന്തരസത്തയുടേയും നിശ്ശേഷസമർപ്പണം സ്വഭാവത്തിൻെറ സർവ്വവശങ്ങളിലും ഈ സ്പർശവിധേയത ഉണ്ടാക്കും; മുകളിൽനിന്നു നിർഗ്ഗളിയ്ക്കുന്ന വിജ്ഞാനജ്യോതിസ്സുകളേയും [മഹേശ്വരി], ശക്തിയേയും [മഹാകാളി], സുസമ്മേളനസൌന്ദര്യങ്ങളേയും [മഹാലക്ഷ്മി], നിർദ്ദോഷസംപൂർണ്ണതയേയും [മഹാസരസ്വതി] അഭിമുഖീകരിച്ചുള്ള നിരന്തരവികാസത്താൽ നിങ്ങളിൽ സർവ്വത്ര ചിത്ത് ഉദ്ബുദ്ധമായിത്തീരും. ശരീരംകൂടി ഉണരും, നിഗൂഢാന്തഃകരണതലത്തിൽനിന്നു നിർമ്മുക്തമായ അതിൻെറ പ്രബോധം, വൈജ്ഞാനികവും ചേതനാതീതവുമായ ശക്തിയോടു യോഗം പ്രാപിയ്ക്കുകയും അമ്മയുടെ സമസ്തശക്തികളും മുകളിൽനിന്നും ചോടേനിന്നും നാനാവശങ്ങളിലൂടേയും ഉള്ളിലേയ്ക്കു പ്രഗളിയ്ക്കുന്നതായി അനുഭവപ്പെടുകയും, സർവ്വാതിശായിയായ ഒരു പ്രേമത്തിലും ആനന്ദത്തിലും ദേഹം ഹർഷിതമായിത്തീരുകയും ചെയ്യും.

എന്നാൽ ഒരു സംഗതി എപ്പോഴും കരു

തികൊള്ളുക: അതിന്നതീതമായ കാര്യങ്ങളെ കൂടി അതിൻെറ സ്വന്തം സാമാന്യതയ്ക്കും പ്രമാണത്തിന്നും, അതിൻെറ സങ്കുചിതയുക്തികൾക്കും തെററായ ധാരണകൾക്കും, അതിൻെറ അടികാണാത്തതും ഉദ്ധതവുമായ അജ്ഞതയ്ക്കും, തനിയ്ക്കുതാൻ പോന്നതെന്ന ഭാവത്തോടുകൂടിയ അതിൻെറ അല്പജ്ഞതയ്ക്കും വിധേയമാക്കുവാൻ ഇഷ്ടപ്പെടുന്ന നിങ്ങളുടെ ആ ഹ്രസ്വമായ പ്രാപഞ്ചികമനസ്സുകൊണ്ടു ദിവ്യമാതാവിനെ മനസ്സിലാക്കുവാനോ മതിയ്ക്കുവാനോ നിങ്ങൾ ഒരുമ്പെടാതിരിയ്ക്കുക. അൎദ്ധപ്രകാശിതമായ തമോമയകാരാഗാരത്തിൽ അടയ്ക്കപ്പെട്ട മനുഷ്യമനസ്സിന്നു് ആ ദിവ്യശക്തിയുടെ പദവിന്യാസങ്ങൾക്കുള്ള സൎവ്വതോമുഖമായ സ്വാതന്ത്ര്യത്തെ അനുസരിയ്ക്കുക സാദ്ധ്യമല്ല. അവളുടെ ദിവ്യദൎശനത്തിൻേറയും പ്രവൎത്തനത്തിൻേറയും ശീഘ്രതയും നാനാത്മകത്വവും മനുഷ്യമനസ്സിൻെറ ഇടറിവീണുകൊണ്ടിരിയ്ക്കുന്ന ഗ്രഹണശക്തിയെ അതിലംഘിച്ചു തിരിയ്ക്കുന്നു; അവളുടെ ഗതിപരിമാണങ്ങൾ അതിൻെറ പരിമാണങ്ങളല്ല താനും. അവളുടെ അനേകവ്യത്യസ്തമൂൎത്തിത്വങ്ങളുടെ അതിശീഘ്രമായ മാററത്താലും ദിവ്യലയാനുക്രമങ്ങളുടെ നിൎമ്മാണവിച്ഛേദങ്ങളാലും;

അനുക്ഷണം വദ്ധിയ്ക്കുന്ന ഗതിവേഗങ്ങളാലും ഗതിമാന്ദ്യങ്ങളാലും; ഓരോരുത്തരുടേയും വിഷമപ്രശ്നത്തെസ്സംബന്ധിച്ചുള്ള അവളുടെ നിവൃത്തിമാൎഗ്ഗത്തിന്റെ വൈവിധ്യത്താലും; ഒരിയ്ക്കൽ ഒരു മാൎഗ്ഗത്തേയും മററൊരിയ്ക്കൽ മററൊരു മാൎഗ്ഗത്തേയും അവരം അംഗീകരിയ്ക്കുകയും കൈവിടുകയും അവയെയെല്ലാം പിന്നീട്ട ഒന്നായി കൂട്ടിച്ചേൎക്കുകയും ചെയ്യുന്നതിനാലും, സംഭ്രാന്തമായ മനുഷ്യബുദ്ധി മോഹകലിലത്തിലൂടേ ചുററിയടിച്ചുകൊണ്ടു പരമജ്യോതിസ്സിലേയ്ക്കു മേല്പോട്ടു കയറിപ്പോകുന്ന ആ പരാശക്തിയുടെ ഗതിയെ കണ്ടറിയുകയില്ല. അതറിവാൻ ശ്രമിയ്ക്കുന്നതിന്നുപകരം നിങ്ങളുടെ ആത്മാവിനെ മാതാവിന്നായി തുറന്നുവെയ്ക്കുകയും ആധ്യാത്മികസ്വഭാവത്താൽ അവളെ ഗ്രഹിയ്ക്കുകയും സത്യത്തിന്നു നേരിട്ടനുവാദമേകുന്ന ആധ്യാത്മികദൎശനത്താൽ കാണുകയും ചെയ്യുന്നതുകൊണ്ടു തൃപ്തിയടയുക. അപ്പോരം മാതാവ് നിങ്ങളുടെ മനസ്സിനേയും ഹൃദയത്തേയും ജീവനേയും ജഡികചേതനയേയും അവയുടെ ആധ്യാത്മികാംശങ്ങളിലൂടേ പ്രബുദ്ധമാക്കുകയും, സ്വകീയപദ്ധതികളേയും സ്വഭാവത്തേയും അവയ്ക്കു കൂടി വിദിതങ്ങളാക്കുകയും ചെയ്യും.

സവ്ജ്ഞത, സവ്സാദ്ധ്യത, ഇവയെപ്പററി നമുക്കുള്ള അസംസ്കൃതവും, അല്പജ്ഞതാവിജൃംഭിതവുമായ അഭിപ്രായങ്ങാംക്കനുസരിച്ചു ദിവ്യശക്തി എല്ലായ്പ്പോഴും പ്രവൎത്തിച്ചുകൊള്ളണമെന്ന് ആവശ്യപ്പെടുന്ന അപ്രാജ്ഞമനസ്സിൻെറ മൂഢതയേയും പരിവൎജ്ജിയ്ക്കുക. ഓരോ പതനത്തിലും നമ്മുടെ മനസ്സ് അത്ഭുതാവഹമായ ശക്തിപ്രകടനത്താലും, അനായാസവിജയത്താലും, കണ്ണഞ്ചിയ്ക്കുന്ന പ്രകാശധോരണിയാലും, ആശ്ചര്യഭരിതമായിത്തീരുവാൻ കൊതിച്ച് അലമുറകൂട്ടുകയാണ്; ഇങ്ങിനെയൊന്നുമുണ്ടായില്ലെങ്കിൽ, അതിന്ന് ഈശ്വരസാന്നിധ്യത്തിൽക്കൂടി വിശ്വസിയ്ക്കുവാൻ സാധിയ്ക്കുന്നില്ല! ശ്രീമാതാവ് അവിദ്യയുമായി അവിദ്യാക്ഷേത്രങ്ങളിൽവെച്ചുതന്നെയാണ് ഇടപെടുന്നത്; അവരം കേവലം ഉപരിസ്ഥയാകാതെ അവിടങ്ങളിലേയ്ക്ക് ഇറങ്ങിവന്നിരിയ്ക്കുന്നു. തൻെറ ജ്ഞാനത്തേയും പ്രഭാവത്തേയും അവരം ഏതാനും മറയ്ക്കുകയും, ഏതാനും പ്രകാശിപ്പിയ്ക്കുകയും, അവയെ പലപ്പോഴും തൻെറ കാര്യനിൎവ്വാഹകന്മാൎക്കും മൂൎത്തികാംക്കും നല്ലാതിരിയ്ക്കുകയും, ജിജ്ഞാസയോടുകൂടിയ മനസ്സ്, ആരുരുക്ഷുവായ ആന്തരാത്മാവു, പ്രതിബന്ധ

ങ്ങളോടു മല്ലിടുന്ന പ്രാണൻ, തടവിലടയ്ക്കപ്പെട്ടു യാതനയനുഭവിയ്ക്കുന്ന കായികപ്രകൃതി, എന്നി വസ്തുനരൂപങ്ങളായ മാർഗ്ഗങ്ങളിലൂടെത്തന്നെ അ വരെ രൂപാന്തരപ്പെടുത്തുവാനായി അനുഗമിയ്ക്കു കയും ചെയ്യുന്നു. പരാൽപരാജ്ഞയാൽ നിർദ്ദി ഷ്ടങ്ങളായ ചില വ്യവസ്ഥകളുണ്ട്; അഴി ച്ചെടുക്കുകയല്ലാതെ, പെട്ടെന്നു പൊട്ടിച്ചെറിയു വാൻ പാടില്ലാത്ത അനേകം കെട്ടിപ്പിണഞ്ഞ കുടുക്കുകളുമുണ്ട്. ആസുരങ്ങളും രാക്ഷസങ്ങളു മായ ശക്തികൾ ഈ പരിണാമോന്മുഖമായ ഭൗമികപ്രകൃതിയെ അടക്കിവെച്ചിരിയ്ക്കുയാ ണ്; ചിരകാലമായി അവ ആക്രമിച്ചു സ്വാ യത്തമാക്കി അനുഭവിച്ചുപോരുന്ന പദങ്ങളി ലും സ്ഥാനങ്ങളിലും വെച്ച്, അവയുടെ സമ്പ്ര ദായങ്ങളെ ആശ്രയിച്ചുതന്നെ, അവയെ എതി രിട്ടുജയിയ്ക്കേണ്ടതുണ്ട്; നമ്മളിലുള്ള മനുഷ്യ ത്വത്തെ അതിൻെറ പരിധികളെ അതിലംഘി ച്ചുയരുവാൻ തക്കവണ്ണം നയിച്ചു പാകപ്പെടു ത്തേണ്ടതുമുണ്ട്. അതിന്ന് എത്രയോ ഉപരി യായിക്കിടക്കുന്ന ഒരവസ്ഥാന്തരത്തിലേയ്ക്ക് അ തിനെ പെട്ടെന്ന് എടുത്തുയർത്തുവാൻ നിവൃ ത്തിയില്ലാത്തവിധത്തിൽ അത് അത്രമാത്രം

ദുബ്ബലവും തമോവൃതവുമാണ്. ദിവ്യചൈതന്യവും ചിച്ഛക്തിയും അവിടെത്തന്നെയുണ്ട്; ഓരോ സമയവും അവ പ്രയത്നാനുകൂലസ്ഥിതികൾക്കനുസരിച്ചുള്ള കാര്യങ്ങൾ നിവ്ഹിക്കുകയും, നിർണ്ണീതമായ പ്രവൃത്തിക്രമത്തെ സദാ അവലംബിക്കുകയും, അപൂർണ്ണതയിൽ ഭവിഷ്യത്തായി കിടക്കുന്ന പൂർണ്ണതയെ രൂപവൽകരിക്കുകയും ചെയ്യുന്നു. എന്നാൽ വൈജ്ഞാനികചൈതന്യം നിങ്ങളിൽ അവതരണം ചെയ്താൽ മാത്രമേ മാതാവിന്നു വിജ്ഞാനശക്തിയെന്ന നിലയിൽ വിജ്ഞാനസ്വഭാവങ്ങളെ നേരിട്ടു നിയന്ത്രിക്കുവാൻ സാധിയ്ക്കൂ. നിങ്ങൾ നിങ്ങളുടെ മനസ്സിനെ അനുസരിക്കുകയാണെങ്കിൽ, മാതാവു നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷയായാൽക്കൂടി, അവളെ നിങ്ങൾ തിരിച്ചറിയില്ല. നിങ്ങളുടെ മനസ്സിനെ—സത്യാഭാസങ്ങളെ ലാക്കാക്കിച്ചാടുന്ന മനസ്സിനെ—അല്ല, നിങ്ങളുടെ ആത്മാവിനെ—സത്യത്തിന്ന് അനുധാവനിനല്ലുന്ന ആത്മാവിനെ—ആണ് നിങ്ങൾ അനുസരിക്കേണ്ടത്. ദിവ്യശക്തിയെ വിശ്വസിച്ചുകൊള്ളുക; അവൾ നിങ്ങളിലുള്ള ദൈവികതത്വങ്ങളെ സ്വാതന്ത്ര്യങ്ങളാക്കുകയും, അവ

യെ മുഴവൻ ദിവ്യപ്രകൃതിയുടെ ഒരു പ്രകാശനമാക്കി രൂപപ്പെടുത്തുകയും ചെയ്യും.

ഭൌമബോധത്തിൻെറ പരിണാമസോപാനത്തിൽ വൈജ്ഞാനികമായ മാററം സുനിശ്ചിതവും, ഒഴിച്ചുവിട്ടുകൂടാത്തതുമായ ഒരു പടവാണ്; എന്തുകൊണ്ടെന്നാൽ അതിൻെറ ഉദ്ഗതി ഇനിയും സമാപ്തമായിട്ടില്ല; മനസ്സ് അതിൻെറ ഏററവും മുകളിലെ പടിയുമല്ല. എന്നാൽ ആ മാററം വന്നുചേരുമാറാകുവാനും, രൂപമവലംബിച്ച ചിരസ്ഥായിയാകുവാനും ജ്ഞാനജ്യോതിസ്സ് അവതരിക്കുന്ന അവസരത്തിൽ അതിനെ വിലക്കാതെ ഉൾക്കൊള്ളുവാനുള്ള ദൃഢവ്രതത്തോടുകൂടി ചോടേനിന്ന് ഒരു പ്രാൎത്ഥനയും, മുകളിൽനിന്നു പരാൽപരൻെറ അനുഗ്രഹവും ആവശ്യമായിത്തീരുന്നു. ഈ അനുഗ്രഹത്തിന്നും പ്രാൎത്ഥനക്കും മാധ്യസ്ഥ്യം വഹിക്കുന്ന ശക്തി ദിവ്യമാതാവിൻെറ സാന്നിധ്യവും പ്രഭാവവുമാണ്. യാതൊരുവിധത്തിലുള്ള മനുഷ്യപ്രയത്നമോ തപസ്സോ അല്ല, അംബികയുടെ ശക്തി ഒന്നു മാത്രമാണ് മൂടിയെ പ്രഭഞ്ജിച്ച് ആവരണത്തെ വലിച്ചുചീ

ണ്ടുവാനും; പാത്രത്തെ രൂപവൽകരിയ്ക്കുവാനും; തമസ്സും, വ്യാജവും, മൃത്യുവും, യാതനയും നിറഞ്ഞ ഈ ലോകത്തിലേയ്ക്കു സത്യത്തേയും, പരമജ്യോതിസ്സിനേയും, ദിവ്യജീവിതത്തേയും, അമൃതാനന്ദത്തേയും അവതരിപ്പിയ്ക്കുവാനും സമത്ഥമായിരിയ്ക്കുന്നതു്.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

163

# അംബിക

ശ്രീ അരവിന്ദൻ

Indic Digital Archive Foundation
gpura.org